# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15
No.11
കാർത്തികപ്പള്ളി
R.No. 7361/02
2015 NOVEMBER
e-paper : vedabhimani


# ദായ്ഷ്സ്ലേവ്: അവർ മനുഷ്യർ ആയിരുന്നില്ല

“അവർ വലിയൊരു ഹാളിൽ ഞങ്ങളെ എത്തിച്ചു. അവിടെ അനേകം സ്ത്രീകളെ ഞങ്ങൾക്കു മുമ്പേ എത്തിച്ചിരുന്നു. അവർക്കൊപ്പം ഞങ്ങളെയും കാണാൻ നിരവധിപേർ വന്നു. വരുന്നവർ വരുന്നവർ ഞങ്ങൾക്കു ചുറ്റിനും നടക്കും. കളിയാക്കി ആർത്തു ചിരിക്കും. ചിലർ ഞങ്ങളുടെ പിൻഭാഗങ്ങളിൽ നുള്ളി നോക്കും. അതിനിടെ, കൂട്ടത്തിൽ ഒരാൾ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: അവൾക്ക് വലിയ വലിപ്പമാണ്. എനിക്കാവശ്യം നീലക്കണ്ണും വിളറിയ തൊലിയുമുള്ള യസീദി പെണ്ണിനെയാണ്. അങ്ങനെയൊന്നിനെ കിട്ടിയാൽ പറയുന്ന പണം തരാം.” – ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്) ഭീകരുടെ പിടിയിൽ നിന്നു രക്ഷപെട്ട കൗമാരക്കാരിയുടെ നടുക്കുന്ന ഓർമകളാണിത്.

ക്രിസ്ത്യൻ, യസീദി പെൺകുട്ടികളെ ലൈംഗിക അടിമകളായി വിൽക്കുന്ന ഐ.എസിന്റെ രാജ്യാന്തര മാർക്കറ്റിനെപ്പറ്റിയുള്ള ഞെട്ടിപ്പിക്കുന്ന കഥകളാണ് ഭീകരുടെ പിടിയിൽ നിന്നു രക്ഷപ്പെട്ടെത്തിയ ജിനാൻ എന്ന യസീദി പെൺകൊടി പുറംലോകത്തെ അറിയിച്ചത്. 2014ന്റെ തുടക്കത്തിൽ ഐ.എസ്. പിടിയിലായ ജിനാൻ താൻ നേരിട്ട കൊടിയ ക്രൂരതകളുടെ കഥയുമായി ഒരു പുസ്തകം തന്നെ എഴുതി. താമസിയാതെ പുറത്തിറങ്ങുന്ന പുസ്തകത്തെക്കുറിച്ചു പറയാൻ പാരീസിലെത്തിയ വേളയിൽ വാർത്താ ഏജൻസിക്കു മുന്നിലാണ് അവൾ പീഡനകഥകൾ വിവരിച്ചത്.




“ഐ.എസ്.ഭീകരർ തങ്ങളെ മതപരിവർത്തനം നടത്താൻ ശ്രമിച്ചു. എതിർത്തവരെ മർദ്ദിക്കുകയും കൊടും ചൂടിൽ പുറത്തു ചങ്ങലയ്ക്കിടുകയും ചെയ്തു. എലി ചത്തു ചീഞ്ഞ വെള്ളം കുടിയ്ക്കാൻ നിർബന്ധിച്ചു. അവർ മനുഷ്യരായിരുന്നില്ല. മരണത്തെയും കൊലപാതകത്തെപ്പറ്റിയുമാണ് എപ്പോഴും അവർ ചിന്തിച്ചുകൊണ്ടിരുന്നത്. എപ്പോഴും മയക്കുമരുന്ന് ഉപയോഗിക്കും. എല്ലാവരോടും പകയായിരുന്നു അവർക്ക്. ഒരുനാൾ ഇസ്ലാമിക് സ്റ്റേറ്റ് ലോകം മുഴുവൻ ഭരിക്കുമെന്നാണ് അവർ പറയുന്നത്.”




അടിമകളുടെ കച്ചവടം ഉറപ്പിക്കുന്ന പല സംസാരങ്ങളും ഇതിനിടെ ജിനാന്റെ കാതുകളിലേക്കു തുളച്ചിറങ്ങി. നിന്റെ പിസ്റ്റളിനു പകരം ഈ ഇരുണ്ട നിറക്കാരിയെ തരാം. ഇനിയതല്ല, പണമാണ് വേണ്ടതെങ്കിൽ 150 ഡോളർ.... സ്ത്രീകളെ വിലയ്ക്കു വാങ്ങാൻ എത്തിവരുടെ കൂട്ടത്തിൽ ഒരാളുടെ സംസാരം.

കട്ടെടുത്ത ഒരു കൂട്ടം താക്കോലുകളാണ് രക്ഷപ്പെടാൻ ജിനാനെ സഹായിച്ചത്. പിന്നീട് ഭർത്താവിന്റെ അടുത്തെത്തിയ അവൾ ഇറാഖിലെ കുർദിസ്ഥാനിൽ അഭയാർഥി ക്യാമ്പിലാണിപ്പോൾ. വീട്ടിലേക്കു മടങ്ങാൻ ഇപ്പോഴും ഭയം തന്നെ.

അടിമച്ചന്തകളിൽ സ്ത്രീകളെ വാങ്ങാൻ ഇറാഖികളും സിറിയക്കാരും മാത്രമല്ല, പാശ്ചാത്യരും വന്നിരുന്നതായി ദായ്ഷ് സ്ലേവ് എന്നുപേരിട്ട പുസ്തകത്തിൽ ജിനാൻ പറയുന്നു. ഫ്രഞ്ച് പത്രപ്രവർത്തകനായ തിയറി ഒബർലെയ്ക്കൊപ്പം ചേർന്നാണ് ജിനാൻ പുസ്തകരചന നിർവ്വഹിച്ചത്.

## വീണ്ടും വ്യാജക്രിസ്തു: വാദം തെളിയിക്കാൻ വ്യാജ കച്ച



ക്രിസ്തുവിന്റെ ണെന്ന് അവകാശപ്പെട്ട് ഓസ്ട്രേലിയൻ പൗരൻ. ക്വീൻസ്‌ലൻഡിലെ ടൂഗൂമിലെ ബ്രിയാൻ ലിയോണാർഡ് ഗോലിഗ്ലി മാർഷൽ (71) ആണ് ക്രിസ്തുവാണെന്ന് അവകാശപ്പെട്ട് രംഗത്തുള്ളത്.

ടൂറിനിലെ വ്യാജ കച്ചയെയാണ് തന്റെ വാദം തെളിയിക്കാൻ ഇദ്ദേഹം ആശ്രയിക്കുന്നത്. തന്നെ വത്തിക്കാൻ അംഗീകരിച്ചിട്ടുണ്ടെന്നും ബ്രിയാൻ അവകാശപ്പെടുന്നു.

ടൂറിനിലെ തിരുക്കച്ചയിൽ പതിഞ്ഞ രൂപത്തെ അടിസ്ഥാനമാക്കിയാണു ബ്രിയാന്റെ പ്രചാരത്തിനു താനുമായുള്ള സാമ്യമാണു പ്രധാന ആയുധം. തിരുമുറിവുകളും തന്റെ ശരീരത്തിലുണ്ടെന്ന് ഇദ്ദേഹം പറയുന്നു. സോഷ്യൽ മീഡിയയെയും ഇന്റർനെറ്റിനെയുമാണു സന്ദേശപ്രചാരണത്തിന് ഉപയോഗിക്കുന്നത്. ക്രിസ്തുവിന്റെ പുനരവതാരം എന്നു വിശേഷിപ്പിച്ച് ബനഡിക്ട് പതിനാറാമൻ മാർപാപ്പ കത്ത് അയച്ചതായി ഇദ്ദേഹം അവകാശപ്പെടുന്നുണ്ട്. തന്നെ ക്രിസ്തുവായി പ്രഖ്യാപിക്കാനുള്ള ബനഡിക്ട് മാർപാപ്പയുടെ ശ്രമം തകർത്തത് ഫ്രാൻസിസ് മാർപാപ്പയാണെന്നും കുറ്റപ്പെടുത്തുന്നു. ഭാര്യയും മക്കളുമുള്ള ഇദ്ദേഹത്തിന് ഓസ്ട്രേലിയയിൽനിന്നും അമേരിക്കയിൽനിന്നും അനുയായികളെ ലഭിച്ചിട്ടുണ്ട്.

**വേദാഭിമാനി**
**വായിക്കുക–പ്രതികരിക്കുക**
**ടൈറ്റസ് കാർത്തികപ്പള്ളി**
കേരള–690516
✆9847232598
✆9847990939
vedabhimani@gmail.com

## റൊബോട്ടുകൾക്കും ഇനി മക്കൾ



റൊബോട്ടുകളും “പ്രസവിക്കാൻ” ഒരുങ്ങുന്നു. മനുഷ്യന്റെ നിർദേശങ്ങൾ ആവശ്യമില്ലാതെ സ്വന്തം പകർപ്പുകളെ സൃഷ്ടിക്കാൻ കഴിയുന്ന റൊബോട്ടുകളെയാണു കേംബ്രിഡ്ജ് സർവകലാശാലയിലെ ഡോ.ഫുമിയ ലിഡയുടെ നേതൃത്വത്തിൽ യാഥാർഥ്യമാക്കിയത്. ഓരോ തലമുറ പിന്നിടുമ്പോൾ ഈ റൊബോട്ട് മക്കളുടെ പ്രവർത്തനവും മെച്ചപ്പെടും. “അംഗവൈകല്യമുള്ള” മക്കളെ നശിപ്പിക്കാനും “അമ്മ” റൊബോട്ടുകൾക്കാകും.

അഞ്ച് പ്ലാസ്റ്റിക് ക്യൂബും മോട്ടോറും അടങ്ങിയതാണു മക്കൾ റൊബോട്ടുകൾ. മക്കളെ പരിശോധിച്ചശേഷമാകും അമ്മ റൊബോട്ട് ഇവയെ പുറത്തുവിടുക. മക്കളുടെ നിലവാരം മെച്ചപ്പെടുത്താൻ സ്വയം ക്രമീകരണം വരുത്താനും റൊബോട്ടിനു കഴിയും.

ജീവികളിൽ ജീൻ ചെയ്യുന്ന ജോലി റൊബോട്ടിൽ സോഫ്റ്റ്വേറാണു ചെയ്യുക. മക്കളുടെ രൂപം, ചലനം എന്നിവ സോഫ്റ്റ്വേർ സഹായത്തോടെയാണു കൈമാറ്റം ചെയ്യപ്പെടുക.

എന്നാൽ ജീവികൾ പെറ്റുപെരുകുന്നതുപോലെ പുതുതലമുറ റൊബോട്ടുകൾക്കു പടരാൻ കഴിയില്ല. അസംസ്കൃത വസ്തുക്കളും വൈദ്യുതി അടക്കമുള്ള സൗകര്യം നൽകിയാൽ മാത്രമേ പ്രത്യുൽപാദനം യാഥാർഥ്യമാകൂ. 3ഡി പ്രിന്റിംഗ് സാങ്കേതികവിദ്യ റൊബോട്ടുകളുടെ സഹായത്തോടെ പുതുരീതിയിൽ അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മക്കൾ റോബോട്ടുകൾക്കു പ്രവർത്തിക്കാനും മനുഷ്യന്റെ സഹായം വേണം. റൊബോട്ടുകൾ എന്ന പേര് കേട്ട് മനുഷ്യരോട് സാമ്യം പ്രതീക്ഷിക്കരുത്. സോഫ്റ്റ്വേർ ബുദ്ധി പകരുന്ന വെറും യന്ത്രങ്ങൾ മാത്രമാണിവ.

## കൊതുകിനെ കൊല്ലാൻ ഡ്രോണുകൾ



കൊതുകിനെ നശിപ്പിക്കാൻ നാം എന്താണു ചെയ്യുന്നത്? ചിലർ കൊതുകുതിരി കത്തിക്കും. മറ്റു ചിലർ ഗ്യാസ് പുറത്തുവിടുന്ന കൊതുകുനശീകരണ ഉപകരണങ്ങൾ മുറിയിൽ വയ്ക്കും. കൊതുകു കെണികൾ ഉപയോഗിക്കുന്നവരുമുണ്ട്. ഇവയിൽ പലതും നമ്മുടെ ആരോഗ്യത്തിന് ഹാനി വരുത്തുന്നതാണ്. എന്നാൽ അപകടങ്ങളൊന്നുമില്ലാതെ കൊതുകിനെ ഓടിച്ചിട്ട് പിടിച്ച് കൊല്ലുന്ന ഒരു സംവിധാനം ഇതാ വരാൻ പോകുന്നു! കൊതുകിനെ ഓടിച്ചിട്ടു കൊല്ലുന്നത് മനുഷ്യരല്ല, സ്വയം നിയന്ത്രിക്കാൻ കഴിയുന്ന ഡ്രോണുകൾ അഥവാ കുഞ്ഞു റോബോട്ടുകൾ ആണ്. അമേരിക്കൻ ‘ടെക് കമ്പനിയായ മൈക്രോസോഫ്റ്റാണ് കൊതുകിനെ കൊല്ലാൻ ഇങ്ങനെയൊരു രീതി ആവിഷ്ക്കരിച്ചിരിക്കുന്നത്. രോഗം പരത്തുന്ന കൊതുകുകളെ വേർതിരിച്ച് മനസ്സിലാക്കി അത്തരം കൊതുകുകളെ മാത്രം നശിപ്പിക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത.


ചെയർമാൻ ടി.എം. വർഗ്ഗീസ് | ഡിറക്ടർ ഏബ്രഹാം മത്തായി | മാനേജർ തോമസ് വർക്കി | ചീഫ് എഡിറ്റർ ടൈറ്റസ് കാർത്തികപ്പള്ളി | വാർഷിക വരിസംഖ്യ ഇന്ത്യ – Rs.50 | മറ്റ് രാജ്യങ്ങൾ – Rs.2000 | വരിസംഖ്യ അയക്കേണ്ട വിലാസം വേദാഭിമാനി, കേരള 690516

# ദൈവത്തിന് ചെയ്യാൻ സാധിക്കുന്നത്

ഗായകൻ, ഗാനരചയിതാവ്, നടൻ, റേഡിയോ ഷോ ഹോസ്റ്റ് എന്നിങ്ങനെ വിവിധ രീതികളിൽ പ്രസിദ്ധനായിത്തീർന്ന അമേരിക്കൻ കലാകാരനായിരുന്നു സ്റ്റുവർട്ട് ഹാബ്ളൻ. ഡോ.ജെ.എച്ച്.ഹാബ്ളൻ എന്ന മെത്തഡിസ്റ്റ് പുരോഹിതന്റെ പുത്രനായി ജനിച്ച സ്റ്റുവർട്ട് ഹാബ്ളൻ 'ഫാമിലി ആൽബം' എന്ന റേഡിയോ പ്രോഗ്രാമിന്റെ അവതാരകനായി ആദ്യം പ്രസിദ്ധനായി. അതേതുടർന്ന് സിനിമയിലേക്ക് കടന്നു. റോയി റോജേഴ്സ്, ജോൺ വെയ്ൻ, ജിൻ ഓട്രി എന്നിങ്ങനെ പ്രഗത്ഭരായ താരങ്ങളോടൊപ്പം സിനിമയിൽ പ്രത്യക്ഷപ്പെട്ട ഹാബ്ളൻ ധാരാളം ആരാധകരെ സമ്പാദിച്ചു.



സ്റ്റുവർട്ട് ഹാബ്ളൻ

റേഡിയോയിലും സിനിമയിലുമൊക്കെ പ്രശോഭിച്ചുവെങ്കിലും തന്റെ ജീവിതത്തിലനുഭവപ്പെട്ട വിവിധ സമ്മർദങ്ങളെ ഫലപ്രദമായി നേരിടാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തന്മൂലം ആശ്വാസം തേടി അദ്ദേഹം മദ്യത്തിലേക്കു തിരിഞ്ഞു. അതോടൊപ്പം ചൂതുകളിയും തുടങ്ങി. മദ്യപാനം മൂലം പലപ്രാവശ്യം അദ്ദേഹം മറ്റുള്ളവരുമായി അടിപിടിയിൽ ഏർപ്പെടുകയുണ്ടായി.

പോലീസ് പലപ്പോഴും അദ്ദേഹത്തെ അറസ്റ്റു ചെയ്തെങ്കിലും ജാമ്യത്തിലിറക്കാനും കേസുകൾ ഒത്തുതീർപ്പാക്കാനും പലരും മുന്നോട്ടുവന്നിരുന്നു. അതിന്റെ കാരണം കലാകാരൻ എന്ന പേരിലുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധിയായിരുന്നു.

ഹാബ്ളൻ മുക്കുടിയനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ റേഡിയോ പ്രോഗ്രാം കേൾക്കാൻ ധാരാളം ശ്രോതാക്കളുണ്ടായിരുന്നു. ഇതു മനസിലാക്കിയതു മൂലമാണ് അക്കാലത്ത് ലോസ് ആഞ്ചലസിൽ പ്രസംഗത്തിനെത്തിയ ബില്ലിഗ്രാം എന്ന ചെറുപ്പക്കാരൻ ഹാബ്ളന്റെ റേഡിയോ പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യം പ്രകടിപ്പിച്ചത്. ക്രൈസ്തവ പശ്ചാത്തലമുള്ള ഹാബ്ളൻ സന്തോഷപൂർവ്വം ബില്ലി ഗ്രാമിനെ തന്റെ റേഡിയോ പരിപാടിയിലേക്കു ക്ഷണിക്കുകയും ചെയ്തു.

റേഡിയോ പരിപാടി നടക്കുന്നതിനിടെ ബില്ലി ഗ്രാം അന്ന് താൻ തുടങ്ങാൻ പോകുന്ന പ്രസംഗ പരമ്പരയിലേക്ക് ഹാബ്ളനെ ക്ഷണിച്ചു. ആ ക്ഷണം സന്തോഷപൂർവ്വം സ്വീകരിച്ച ഹാബ്ളൻ അന്നു വൈകുന്നേരം നടന്ന ബില്ലി ഗ്രാമിന്റെ പ്രസംഗം കേൾക്കാൻപോവുകയും ചെയ്തു. അന്ന് ഹാബ്ളൻ കേട്ട ബില്ലി ഗ്രാമിന്റെ പ്രസംഗം അദ്ദേഹത്തെ മാനസാന്തരപ്പെടുത്തി. ആ ദിവസം തന്നെ മദ്യപാനവും ചൂതുകളിയും ഉപേക്ഷിച്ചു. അതിവേഗം ഹാബ്ളൻ പുതിയൊരു മനുഷ്യനായി മാറി.

അതിന്റെ ഫലമായി അദ്ദേഹത്തിന് ആദ്യം സംഭവിച്ചതു റേഡിയോ സ്റ്റേഷനിലെ ജോലി നഷ്ടപ്പെട്ടു എന്നതായിരുന്നു. മദ്യപാനം നിർത്തിയ അദ്ദേഹം റേഡിയോയിൽ ബിയറിന്റെ പരസ്യങ്ങൾ അവതരിപ്പിക്കാൻ വിസമ്മതിച്ചു. തന്മൂലമായിരുന്നു അദ്ദേഹത്തിന്റെ ജോലി നഷ്ടപ്പെട്ടത്. 1949-ൽ ആയിരുന്നു സംഭവം. അതിനു പിന്നാലെ അധികം താമസിയാതെ അദ്ദേഹം ക്രിസ്ത്യൻ റേഡിയോ രംഗത്തേക്കു കടന്നു. അതോടൊപ്പം, മദ്യവിരുദ്ധ പ്രവർത്തനങ്ങളിലും അദ്ദേഹം വ്യാപൃതനായി.

തന്റെ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രൊഹിബിഷൻ പാർട്ടിയുടെ ലേബലിൽ 1952-ൽ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുകയുണ്ടായി. പക്ഷേ അന്ന് വിജയിച്ചത് രണ്ടാം ലോകമഹായുദ്ധ കാലത്ത് യൂറോപ്പിൽ അലൈഡ് ഫോഴ്സസിന്റെ സുപ്രീം കമാൻഡറായിരുന്ന ഡ്വയിറ്റ് ഐസനോവറായിരുന്നു.

രാഷ്ട്രീയരംഗത്ത് ഹാബ്ളൻ പരാജയപ്പെട്ടെങ്കിലും സംഗീതരംഗത്ത് വൻ വിജയമായിരുന്നു. അദ്ദേഹം രചിച്ച പല ഗാനങ്ങളും ഇപ്പോഴും ശ്രോതാക്കൾ ഏറെ ഇഷ്ടപ്പെടുന്നവയാണ്. അതിലൊന്നാണ് 'ഇറ്റ് ഈസ് നോ സീക്രട്ട്' എന്ന പേരിലറിയപ്പെടുന്ന ഗാനം.

പ്രസിദ്ധമായ ആ ഗാനം എഴുതിയതിനു പിന്നിൽ ഒരു കഥയുണ്ട്. റേഡിയോ സ്റ്റേഷനിലെ ജോലി നഷ്ടപ്പെട്ട അവസരത്തിൽ അദ്ദേഹത്തെ ആശ്വസിപ്പിക്കാനായി വെസ്റ്റേൺ സിനിമകളിലെ സൂപ്പർതാരമായിരുന്ന ജോൺ വെയ്ൻ ഒരു മദ്യശാലയിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചു. അപ്പോൾ ആ ക്ഷണം നിരസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, 'കർത്താവിന് എന്തുചെയ്യാൻ സാധിക്കും എന്നത് ഒരു രഹസ്യമല്ല.' ഈ മറുപടി കേട്ട ഉടനെ വെയ്ൻ പറഞ്ഞു, 'ഈ ആശയത്തോടുകൂടി നിങ്ങൾ ഒരു ഗാനം രചിക്കണം.'

വെയ്ൻ ആവശ്യപ്പെട്ടതുപോലെ ഹാബ്ളൻ ഒരു ഗാനം രചിച്ചു. ആ ഗാനമാണ് 'ഇറ്റ് ഈസ് നോ സീക്രട്ട് വാട്ട് ഗോഡ് ക്യാൻ ഡു...' എന്ന പേരിലുള്ള മനോഹരമായ ഗാനം. വിവിധ അവസരങ്ങളിലായി പ്രസിദ്ധ ഗായകരായ റോസ്മേരി ക്ലൂണി, കെയ്റ്റ് സ്മിത്ത്, ജിം റീവ്സ്, വെയ്ൻ ന്യൂട്ടൺ, ആൻ മുറേ, പാറ്റ് ബൂൺ, എൽവിസ് പ്രസ്ലി എന്നിവരൊക്കെ ഈ ഗാനം ആലപിച്ച് അവിസ്മരണീയമാക്കിയിട്ടുണ്ട്.

ഇനി ഈ ഗാനത്തിലെ പ്രധാന ചില ഈരടികൾ ഇവിടെ പകർത്തട്ടെ. 'സമയത്തിന്റെ മണിനാദം ഉറക്കെപ്പറയുന്നു, ഒരു ദിനംകൂടി കഴിഞ്ഞു എന്ന്. ആരോ വഴുതിവീണു എന്ന്. അതു നീ ആയിരുന്നുവോ?

'അധിക ശക്തിക്കായി നീ മോഹിച്ചിരിക്കാം, നവീകരിക്കാനുള്ള ധൈര്യത്തിനായിട്ടും. നീ മനസ് മടുക്കേണ്ട, കാരണം നിനക്ക് നൽകാൻ എനിക്ക് സദ്വാർത്തയുണ്ട്.'

'ദൈവത്തിനു ചെയ്യാൻ സാധിക്കുന്നത് എന്താണെന്നത് ഒരു രഹസ്യമല്ല. അവിടുന്ന് മറ്റുള്ളവർക്കുവേണ്ടി ചെയ്തതു നിനക്കുവേണ്ടിയും ചെയ്യും. കൈകൾ വിരിച്ചു പിടിച്ചുകൊണ്ട് നിന്നോട് ക്ഷമിക്കും...'

'അവിടുത്തെ പ്രകാശമുള്ളതുകൊണ്ട് നിനക്ക് രാത്രി ഉണ്ടാവില്ല. നീ ഒരിക്കലും തനിയെ നടക്കുകയില്ല. നീ എവിടെ ആയാലും അവിടുത്തെ സാന്നിധ്യം എപ്പോഴും നിന്നോടുകൂടെ ഉണ്ടായിരിക്കും.'

'ഒരു ശക്തിക്കും നിന്നെ കീഴടക്കാനാവില്ല, ദൈവം നിന്നോടുകൂടിയുള്ളപ്പോൾ. അവിടുത്തെ വാഗ്ദാനം മുഖവിലയ്ക്കെടുക്കുക. അവിടുന്നിൽ നിന്ന് ഓടിപ്പോവുകയോ ഒളിക്കുകയോ ചെയ്യരുത്.'

ഹാബ്ളൻ തന്റെ ജീവിതാനുഭവത്തിൽ നിന്ന് ചാലിച്ചെടുത്ത ഈരടികളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഒന്നല്ല, ഒട്ടേറെ തവണ ജീവിതത്തിൽ കാലുവഴുതി വീണ വ്യക്തിയാണ് അദ്ദേഹം. എന്നാൽ, വീണ്ടും ദൈവത്തെ തന്റെ ജീവിതത്തിൽ കണ്ടുമുട്ടി. അവിടുന്ന് അദ്ദേഹത്തോടു ക്ഷമിച്ച അനുഭവം അദ്ദേഹത്തിനുണ്ടായി. മറ്റുള്ളവർക്കുവേണ്ടി അവിടുന്ന് ചെയ്തതുപോലെ തനിക്കുവേണ്ടിയും ദൈവം ചെയ്തതായി അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. ആ ബോധ്യത്തിൽനിന്നാണ് അദ്ദേഹം നമുക്ക് സദ്വാർത്ത നൽകുന്നത്. എന്താണ് ആ സദ്വാർത്ത?

നാം തെറ്റുകുറ്റങ്ങളിൽ വീഴാനിടയായാൽ ദൈവം നമ്മോടു ക്ഷമിച്ച് നമ്മെ ശക്തിപ്പെടുത്തും എന്നതാണ് ഈ സദ്വാർത്ത. പക്ഷേ, അതിനുവേണ്ടി നാം ദൈവത്തിങ്കലേക്കു തിരിയണമെന്നു മാത്രം. അപ്പോൾ ആലിംഗനം ചെയ്തു നമ്മെ അവിടുന്ന് സ്വീകരിക്കും. അവിടത്തെ പ്രാകാശത്തിൽ നമുക്ക് ധൈര്യമായി മുന്നോട്ടു പോകാനാകും, അവിടുത്തെ സാന്നിധ്യത്തിൽ നാം സുരക്ഷിതരും ഭയമില്ലാത്തവരുമായിരിക്കും.

നമ്മുടെ ഓർമയിൽ എപ്പോഴും ഉണ്ടായിരിക്കേണ്ട സന്ദേശമാണ് ഹാബ്ളൻ നമുക്ക് നൽകുന്നത്. കാരണം, നമ്മുടെ ഒരു ദിവസം കഴിയുന്നതിനു മുൻപേ കാലിടറി നാം തെറ്റുകുറ്റങ്ങളിൽ വീണെന്നിരിക്കും. അപ്പോൾ പാപത്തിന്റെ ഫലമായി സ്വാഭാവികമായി ഉണ്ടാകുന്ന അശാന്തിക്കു നാം അടിമപ്പെട്ടുപോകും. ചിലപ്പോൾ നിരാശയുടെ പടുകുഴിയിൽ നാം വീണുപോയെന്നുമിരിക്കും.

പക്ഷേ, അപ്പോഴും നാം ഒരു കാര്യം മറന്നുപോകരുത്. അതായത്, നമ്മുടെ തെറ്റുകൾ ക്ഷമിച്ചു നമ്മെ ശക്തിപ്പെടുത്താനും ധൈര്യപ്പെടുത്താനുമായി ദൈവം കാത്തുനിൽക്കുന്നു എന്ന വസ്തുത. ഏതെങ്കിലും കാരണത്താൽ നാം തെറ്റുകുറ്റങ്ങളിൽ വീഴാനിടയായാൽ നാം മനസ് മുടക്കാതെ ദൈവത്തിന്റെ പക്കലേക്ക് എത്രയും വേഗം തിരിഞ്ഞു മാപ്പപേക്ഷിക്കണം. അതോടൊപ്പം പാപസംബന്ധമായി കാലിടറാതിരിപ്പാൻ അവിടുത്തെ പ്രകാശത്തിൽ എന്നും വസിക്കാനുള്ള അനുഗ്രഹത്തിനായി നാം യാചിക്കണം. അപ്പോൾ തീർച്ചയായും അവിടുത്തെ കരുണാകടാക്ഷം നമ്മിലുണ്ടാവും. അവിടുത്തെ പ്രകാശത്താൽ നമ്മിലുള്ള അന്ധകാരം അലിഞ്ഞ് അപ്രത്യക്ഷമാകും. അവിടുത്തെ ശക്തിയാൽ കാലിടറാതെ നമുക്കു മുന്നോട്ടു പോകാനാകും.

**2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 11**



# ഇതിന് ആര് മറുപടി പറയും?

പ്രൊഫ.ടി.ജോൺ മാത്യു



7. മനുഷ്യരും മൃഗങ്ങളും ജീവനുള്ള പദാർത്ഥനിർമ്മിതമായ വസ്തുക്കൾ മാത്രമാണെങ്കിൽ മനുഷ്യർക്ക് മൃഗങ്ങളെ അപേക്ഷിച്ച് കൂടുതൽ ശ്രേഷ്ഠത ഉണ്ടെന്ന് ചിന്തിക്കാൻ എന്തു ന്യായമാണ് ഉള്ളത്? 70 കി.ഗ്രാം മാത്രം തൂക്കമുള്ള ഒരു മനുഷ്യനെക്കാൾ വളരെ കൂടുതൽ മൂല്യം 500 കി.ഗ്രാം തൂക്കമുള്ള ഒരു പോത്തിന് ഉണ്ട് എന്നു വാദിച്ചാൽ അത് തെറ്റാണെന്ന് തെളിയിക്കാനാവുമോ? മനുഷ്യന്റെ തലച്ചോറിന് അല്പം വലിപ്പം കൂടുതലുണ്ടെങ്കിലും ശരീരശക്തിയും, വലിപ്പവും പോത്തിനല്ലേ കൂടുതൽ? പോത്തിന്റെ ശരീര വിസർജ്ജ്യങ്ങൾ സസ്യങ്ങളുടെ വളർച്ചയെ സഹായിച്ച് പ്രകൃതി ഭംഗി വർദ്ധിപ്പിക്കുന്നു; മനുഷ്യന്റെ ശരീരവിസർജ്ജ്യങ്ങൾ പരിസരമലിനീകരണം മാത്രം വരുത്തുന്നു. അപ്പോൾ യുക്തിപൂർവ്വം ചിന്തിച്ചാൽ പോത്തിനാണ് കൂടുതൽ ശ്രേഷ്ഠത എന്നു പറയേണ്ടി വരില്ലേ? അങ്ങനെ പറയുന്നതു തെറ്റാണെന്ന് തെളിയിക്കണമെങ്കിൽ എങ്ങനെ തെളിയിക്കും?

8. ബലം കൂടിയതു ബലം കുറഞ്ഞതിനെ ആക്രമിച്ച് കീഴ്പ്പെടുത്തി കൊന്നുതിന്ന് സ്വന്തം ക്ഷേമം മെച്ചപ്പെടുത്തുക എന്നതാണ് ജന്തുലോകത്തിലെ ശരിയായ തത്ത്വം, കടുവാ മാനിനെ കൊന്ന് അതിന്റെ മാംസം ഭക്ഷിക്കുന്നത് ശരിയാണ്; എന്നാൽ മാനവസമൂഹത്തിൽ ബലവാൻ ബലഹീനനെ ആക്രമിക്കുകയോ ചൂഷണം ചെയ്യുകയോ ചെയ്താൽ അത് തെറ്റാണെന്ന് നാം പറയുന്നു. ജന്തുലോകത്തിൽ മുഴുവൻ ശരിയായിരിക്കുന്ന തത്ത്വം മാനവസമൂഹത്തിൽ മാത്രം തെറ്റാണ് എന്ന് യുക്തിപൂർവ്വം തെളിയിക്കുന്നത് എങ്ങനെയാണ്? തെളിയിക്കാൻ മാർഗ്ഗമില്ലെങ്കിൽ ജന്തുലോകത്തിലെ തത്ത്വം നാമും സ്വീകരിക്കണമെന്നു പറകയല്ലേ വേണ്ടത്? അങ്ങനെ യുക്തിവാദികൾ പറയുമോ?

## യുക്തിരഹിത 'യുക്തിവാദം'

ഞങ്ങൾ ഉന്നയിച്ച ചോദ്യങ്ങളുടെ ഉത്തരങ്ങൾ 'യുക്തിവാദം' എന്ന് ഇന്നറിയപ്പെടുന്ന ആശയങ്ങളിൽ വിശ്വസിക്കുന്നവർ നൽകുന്ന പക്ഷം അവ സൂഷ്മമായി പരിശോധിച്ച ശേഷം പ്രതികരിക്കുന്നതാണ്. ഉത്തരങ്ങൾ നൽകാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ അവരുടെ 'യുക്തിവാദം' പൂർണ്ണമായി ഉപേക്ഷിക്കാനുള്ള ധാർമ്മികമായ ബാധ്യത അവർക്കുണ്ട്. 2014 ഒക്ടോബറിൽ "വേദാഭിമാനി"യിൽ പ്രസിദ്ധീകരിക്കപ്പെട്ട യുക്തിവാദികളുടെ 'യുക്തിവാദം' എന്ന ലേഖനത്തിലെ ആശയങ്ങൾ പരിശോധിച്ചപ്പോൾ കാണുവാനിടയായ യുക്തിഹീനതകൾ ചൂണ്ടിക്കാട്ടുകയും യഥാർത്ഥ സത്യങ്ങളിലേക്ക് വിരൽ ചൂണ്ടുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്. 'യുക്തിവാദത്തിന്' നൽകിയിരിക്കുന്ന മറുപടിയും യുക്തിവാദികളോട് ചോദിച്ചിരിക്കുന്ന മറുചോദ്യങ്ങളും യഥാർത്ഥ സത്യങ്ങൾ കണ്ടെത്തുവാൻ വായനക്കാരെ പ്രാപ്തരാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

'യുക്തിവാദം' എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന ആശയങ്ങളിൽ പലതും യുക്തിക്കു നിരക്കുന്നവയല്ല എന്നു പറയേണ്ടി വരുന്നത് ഖേദകരമാണ്. "കണ്ണുകൊണ്ടു കാണാൻ പറ്റുന്നവയിൽ മാത്രമേ ഞാൻ വിശ്വസിക്കുകയുള്ളു; ഞാനൊരു യുക്തിവാദിയാണ്, അന്ധമായി ഒന്നിലും ഞാൻ വിശ്വസിക്കുകയില്ല" എന്ന് പറയുന്ന ആളുകൾക്ക് സമൂഹം ഒരു തരത്തിലുള്ള മാന്യത കല്പിക്കുന്നു; ഇപ്രകാരം ലഭിക്കുന്ന മാന്യത തങ്ങൾ പറയുന്ന സകല ആശയങ്ങളുടെയും അംഗീകാരമാണ് എന്ന് പല യുക്തിവാദികളും തെറ്റിദ്ധരിക്കുന്നു. 'യുക്തിവാദ'ത്തിന്റെ പേരിൽ പല അബദ്ധങ്ങളും അവർ വിളിച്ചു പറയുന്നു. അതു നിമിത്തം ഇന്നത്തെ ലോകത്തിൽ നാം കാണുന്നത് യഥാർത്ഥ യുക്തിവാദമല്ല, പിന്നെയോ യുക്തിയില്ലാത്ത 'യുക്തിവാദം' ആണ് എന്നു പറയേണ്ടിവരുന്നു.



# ബാലവേദി



## കുട്ടിക്കുറ്റവാളികളുടെ കേരളം

കഴിഞ്ഞ മാസം കൊച്ചിയിലെ അറിയപ്പെടുന്ന സ്വകാര്യ സ്കൂളിലെ വിദ്യാർത്ഥിനികൾ കഞ്ചാവ് കേസിൽ പിടിയിലായി. ഇതിൽ രണ്ട് വിദ്യാർത്ഥിനികളുടെ മൊബൈൽ ഫോണുകൾ വൈകിട്ടോടെ നിർത്താതെ ബെല്ലടിച്ചുകൊണ്ടിരുന്നു. തുടർന്ന് സ്പീക്കർഫോണിൽ എടുക്കാൻ പോലീസ് ആവശ്യപ്പെട്ടു. വിറയാർന്ന ശബ്ദത്തിൽ ഒരു പെൺകുട്ടിയുടെ ശബ്ദം. ജോയിന്റ് എവിടെ? ഉടനെ കൊണ്ടുവന്നേ പറ്റൂ. പ്രതികരണം ഇല്ലാതായപ്പോൾ അവൾ പ്രകോപിതയായി.

കഞ്ചാവ് കിട്ടാതെ സമനില തെറ്റിയ, ഒമ്പതാം ക്ലാസുകാരിയായിരുന്നു അത്. കുട്ടിയെപ്പറ്റി അന്വേഷിച്ച പോലീസ് സംഘം ഞെട്ടി. നഗരത്തിലെ പ്രമുഖ ഡോക്ടറുടെ മകളായിരുന്നു അത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. നഗരത്തിലെ ഇരുപതോളം സ്കൂൾ, കലാലയ വിദ്യാർഥിനികൾ ഇരകളാണെന്നും പിടിയിലായവർ മൊഴി നൽകി. തിരുവനന്തപുരത്തെ പ്രമുഖ വിദ്യാലയം. വൈകിട്ട് ക്ലാസ് കഴിഞ്ഞ് എല്ലാ കുട്ടികളും പോയിട്ടും ഒരു പെൺകുട്ടി മാത്രം ക്ലാസിൽ. അധ്യാപികയെത്തി കാര്യം തിരക്കിയപ്പോൾ തലകറക്കം അനുഭവപ്പെടുന്നുവെന്ന് മറുപടി. അൽപനിമിഷത്തിനുള്ളിൽ അധ്യാപിക ഞെട്ടി.

പെൺകുട്ടി മദ്യപിച്ചിട്ടുണ്ട്. വീട്ടിൽ അച്ഛൻ മദ്യം സൂക്ഷിച്ചിട്ടുണ്ടെന്ന് പെൺകുട്ടി ആൺസുഹൃത്തുക്കളോട് ഇടക്കിടെ പറയാറുണ്ടായിരുന്നു. എങ്കിൽ പിന്നെ അൽപം കൊണ്ടുവരാത്തതെന്തെന്നായി കൂട്ടുകാർ. അങ്ങനെ നിർബന്ധത്തിന് വഴങ്ങി അച്ഛനറിയാതെ വാട്ടർബോട്ടിലിൽ മദ്യം കൊണ്ടുവന്നു. ഇത് ആൺകുട്ടികളും പെൺകുട്ടിയും പങ്കുവച്ചു. മദ്യം തലക്ക് പിടിച്ചതിനാലായിരുന്നു സ്കൂൾ വിട്ടിട്ടും അവൾക്ക് വീട്ടിൽ പോകാനാകാതിരുന്നത്.

കഴിഞ്ഞ ലഹരിവിരുദ്ധ ദിനത്തിൽ കൊച്ചി സിറ്റിയിൽ എക്സൈസ് വകുപ്പ് നടത്തിയ പരിശോധനയിൽ കുടുങ്ങിയത് 50 സ്കൂൾ വിദ്യാർത്ഥികൾ. ഇക്കഴിഞ്ഞ മാസം നഗരമധ്യത്തിൽ നാല് വിദ്യാർത്ഥികളെ സംശയകരമായ നിലയിൽ കണ്ടെത്തിയ പോലീസ് പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് നാലുപേരും ലഹിരിക്കടിപ്പെട്ട് നിൽക്കുകയാണെന്ന് ബോധ്യമായത്. അന്വേഷണം എത്തിനിന്നത് മയക്കുമരുന്ന് കച്ചവടക്കാരനായ മറ്റൊരു വിദ്യാർത്ഥിയിൽ. സ്കൂൾ കുട്ടികൾക്ക് കഞ്ചാവ് വാങ്ങാൻ പണമെവിടെനിന്നു കിട്ടുന്നു എന്ന് അന്വേഷിച്ചപ്പോഴാണ് വിദ്യാർത്ഥികൾക്കിടയിലെ സഹകരണം കണ്ട് പോലീസിന്റെ കണ്ണുതള്ളിയത്. നാല് ഗ്രാമുള്ള കഞ്ചാവുപൊതിക്ക് 300 രൂപയാണ്. ആറു വിദ്യാർഥികൾ 50 രൂപ വീതം ഷെയറിട്ടാണ് ഇത് വാങ്ങിയിരുന്നത്. വീട്ടിൽനിന്ന് പണം കിട്ടാത്ത വിദ്യാർത്ഥികൾക്ക് വിൽപനക്കാരുടെ വക സമാശ്വാസ പദ്ധതിയുണ്ട്.

കാശുള്ള വീട്ടിലെ കുട്ടികളെ ലഹരി ഉപയോഗത്തിൽ കണ്ണികളാക്കിയാൽ ഇടനില നിൽക്കുന്ന കുട്ടിക്ക് കഞ്ചാവ് ഫ്രീ. വിദ്യാഭ്യാസവും ആരോഗ്യവും നഷ്ടപ്പെട്ട ഒരു തലമുറ കേരളത്തിൽ രൂപപ്പെടുന്നുവെന്ന സത്യം സമൂഹം തിരിച്ചറിയണം.

## അപൂർവ റിക്കാർഡുകളുമായൊരു മിടുക്കി

രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ ബിരുദാനന്തര ബിരുദധാരിയായി മാറിയിരിക്കുകയാണു ലക്നൗ ബാബാ സാഹേബ് ഭീംറാവു അംബേദ്കർ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനിയായ സുഷ്മ വർമ. ഇനി ഇതേ യൂണിവേഴ്സിറ്റിയിൽ പി.എച്ച്ഡി. ഗവേഷകയായി തുടരാനാണ് സുഷ്മയുടെ തീരുമാനം. പതിനഞ്ചാം വയസിലാണു സുഷ്മ ഈ നേട്ടം സ്വന്തമാക്കിയിരിക്കുന്നത് എന്നതാണ് ഏവരെയും അതിശയിപ്പിക്കുന്ന വസ്തുത. ഇതു കൊണ്ടൊന്നും തീരുന്നില്ല. അപൂർവ റിക്കാർഡുകളുടെ പെരുമഴ തന്നെയായിരുന്നു സുഷ്മയുടെ ഇതുവരെയുള്ള ജീവിതമത്രയും.




2007-ൽ ആറു വയസു പ്രായമുള്ളപ്പോഴായിരുന്നു ഈ മിടുക്കി പത്താം ക്ലാസ് പരീക്ഷ പാസായത്. ഇതിലൂടെ ലിംക ബുക്ക് ഓഫ് റിക്കാർഡ്സിലും കയറിപ്പറ്റി. തുടർന്നു പതിമൂന്നാം വയസിൽ ഡിഗ്രിയും പൂർത്തിയാക്കി.

സഹോദരങ്ങളെല്ലാം റിക്കാർഡുകൾ സ്വന്തമാക്കുന്ന കാര്യത്തിൽ സുഷ്മയോടു മൽസരിക്കുന്നവരാണ്. ഇളയ സഹോദരൻ ശൈലേന്ദ്ര പതിന്നാലാം വയസിൽ ബി.സി.എ പാസായ ആളാണ്.

മൂന്നു വയസുകാരിയായ അനന്യ ഇംഗ്ലീഷിലും ഹിന്ദിയിലും കവിത ചൊല്ലുകയും വായിക്കുകയും ചെയ്യും. ശുചീകരണത്തൊഴിലാളികളാണ് ഈ അപൂർവ സഹോദരങ്ങളുടെ മാതാപിതാക്കൾ.

## വിജയത്തിനായുള്ള പരിശ്രമം



മീനുകളുടെ സ്വഭാവ വിശേഷങ്ങളെക്കുറിച്ച് പഠിക്കുകയായിരുന്നു ഒരു ശാസ്ത്രജ്ഞൻ. അതിനായി കൂറ്റനൊരു ചില്ലുകൂട്ടിൽ വെള്ളം നിറച്ച് അതിൽ വലിയൊരു സ്രാവിനെയും കുറേയധികം ചെറുമീനുകളേയും ഇട്ടു. ചെറുമീനുകളെ ഇട്ട നിമിഷം തന്നെ സ്രാവ് അവയെയെല്ലാം ഒറ്റ വിഴുങ്ങിന് അകത്താക്കി.

അടുത്ത ദിവസവും ശാസ്ത്രജ്ഞൻ കുറേ ചെറുമീനുകളെ കൊണ്ടുവന്നു. അവയെ ടാങ്കിൽ ഇടുന്നതിന് മുമ്പ് നടുവിലായി കട്ടിയുള്ള ഒരു കണ്ണാടിപ്പലക ഇറക്കിവച്ച് ചില്ലുകൂടിനെ രണ്ടായി തിരിച്ചു. ഇപ്പോൾ ഒരു ഭാഗത്ത് സ്രാവും മറ്റേഭാഗത്ത് ചെറുമീനുകളുമായി. ചെറുമീനുകളെ കണ്ടതും അവയെ വിഴുങ്ങുവാനായി സ്രാവ് പാഞ്ഞടുത്തു. പക്ഷേ, നടുവിലുള്ള കണ്ണാടിപ്പലകയിൽ മുഖമിടിച്ച് സ്രാവ് നിന്നു. അത് വീണ്ടും വീണ്ടും മീനുകളെ പിടിക്കാനായി പാഞ്ഞുവന്നു. ഓരോ തവണ കണ്ണാടിയിൽ ഇടിക്കുമെങ്കിലും അഞ്ചുമിനിട്ടുകഴിഞ്ഞ് അത് വീണ്ടും മീനുകളെ പിടിക്കാൻ വരും. അപ്പോഴൊക്കെ പരാജയപ്പെട്ട് മടങ്ങുകയും ചെയ്യും. ദിവസങ്ങൾ കഴിഞ്ഞു. ചെറുമീനുകളെ പിടിക്കാനുള്ള സ്രാവിന്റെ ശൗര്യം കുറഞ്ഞുകുറഞ്ഞുവന്നു.പിന്നീട് ഓരോ തവണ ഒന്ന് പരിശ്രമിക്കുമെങ്കിലും കണ്ണാടിപ്പലകയിൽ മുഖം മുട്ടുമ്പോൾ അത് മടങ്ങിപ്പോരും.

അങ്ങനെ ഒരുമാസം കഴിഞ്ഞു. ഇപ്പോൾ സ്രാവ് മീനുകളെ പിടിക്കാൻ നോക്കുന്നതേയില്ല. ഒരുദിവസം ശാസ്ത്രജ്ഞൻ ടാങ്കിന്റെ നടുവിലുള്ള കണ്ണാടിപ്പലക നീക്കം ചെയ്തു. ചെറുമീനുകൾ സ്രാവിന്റെ അടുത്തുകൂടി അങ്ങോട്ടുമിങ്ങോട്ടും നീന്തിനടന്നു. പക്ഷേ, സ്രാവ് ഒരു മീനിനെ പോലും പിടിക്കാൻ ശ്രമിച്ചില്ല. കാരണം തനിക്ക് മുന്നിൽ ആ കണ്ണാടിപ്പലക ഇപ്പോഴും തടസ്സമായി നില്പ്പുണ്ട് എന്ന വിശ്വാസത്തിലായിരുന്നു സ്രാവ്.

നമ്മുടെ ജീവിതത്തിലും ഇതുപോലുള്ള സന്ദർഭങ്ങൾ ഉണ്ടാവാറുണ്ട്. പണ്ട് നമ്മൾ ശ്രമിച്ച് പരാജയപ്പെട്ടുപോയ പല കാര്യങ്ങളും പിന്നീട് നമ്മൾ ശ്രമിക്കാറില്ല. നമ്മേക്കൊണ്ട് അതിന് സാധിക്കില്ല എന്ന ചിന്തയായിരിക്കും മനസ്സിൽ! ഒരുപക്ഷേ നമുക്കത് വളരെപ്പെട്ടെന്ന് സാധിക്കുന്ന കാര്യമാണെങ്കിൽപോലും ആരും അതിന് ശ്രമിക്കാറുമില്ല.

ഒരിക്കൽ പരാജയപ്പെട്ടാലും പിന്നീട് അതിനുവേണ്ടി വീണ്ടും ശ്രമിച്ചാൽ നമുക്കതിൽ വിജയിക്കാനാവും എന്നാണ് ഈ കഥ നൽകുന്ന പാഠം.

## പരിണാമവാദം



# ആളില്ലാ വണ്ടി




**ഡ്രൈ**വറില്ലാതെ ഓടുന്ന കാറും പൈലറ്റില്ലാതെ പറക്കുന്ന വിമാനവും അടുത്തകാലം വരെ ഭ്രാന്തമായ ഭാവനയിൽമാത്രം ഒതുങ്ങിനിന്നതാണ്. ഇപ്പോഴവ യാഥാർഥ്യമായിക്കഴിഞ്ഞു. നിങ്ങൾ ഒരു യാത്ര കഴിഞ്ഞ് എയർപോർട്ടിൽ വന്ന് നിങ്ങളുടെ മൊബൈൽഫോണിൽ നിങ്ങളുടെ കാറിനെ വിളിക്കുന്നു. പാർക്കിങ്ങിൽ കിടക്കുന്ന കാർ മിനിറ്റുകൾക്കകം എത്തുന്നു. നിങ്ങളുടെ ഫോൺ എവിടെയാണോ അവിടെയെത്തും.

പ്രത്യേകിച്ച് സ്ഥലം പറഞ്ഞുകൊടുക്കേണ്ട. കാറിന് സ്റ്റിയറിങ് പോലുമില്ല. നിങ്ങൾ കയറിയിരുന്ന്, എങ്ങോട്ടു പോകണമെന്ന് പറഞ്ഞാൽ മതി, അവിടെത്തിക്കും കാർ. വഴിക്ക് നിങ്ങൾക്ക് ഒരു കാപ്പി കുടിക്കണമെങ്കിൽ അക്കാര്യം പറഞ്ഞാൽ മതി, നിങ്ങൾക്ക് ഇഷ്ടമുള്ള കാപ്പിക്കടയിൽ എത്രയും വേഗം എത്തിക്കും. രണ്ടു സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ഭാര്യക്കും ഭർത്താവിനും കൂടി ഒരു കാറുമതി. ഭർത്താവിനെ ജോലിസ്ഥലത്താക്കി, വീട്ടിൽച്ചെന്ന് ഭാര്യയെ കൂട്ടി അവരുടെ സ്ഥലത്ത് എത്തിക്കും. കാറിനുള്ളിൽ തണുപ്പു കൂട്ടുകയോ കുറയ്ക്കുകയോ ഇഷ്ടമുള്ള പാട്ടു കേൾക്കുകയോ ചെയ്യണമെങ്കിൽ ഒക്കെ ഒന്നു മൊഴിഞ്ഞാൽ മതി. സേവനം റെഡി. അധികം താമസിയാതെ ഡ്രൈവറില്ലാ വാഹനം മാർക്കറ്റിൽ എത്തുമെന്നാണ് ഗൂഗിൾ കമ്പനിയും മറ്റും പറയുന്നത്. സാങ്കേതിക തടസങ്ങളൊന്നുമില്ല. നിയമ തടസങ്ങളേയുള്ളു. അതങ്ങനെയാണല്ലോ. മനുഷ്യന്റെ സർഗശേഷിയുടെ അതിവേഗതയ്ക്ക് ഒപ്പമെത്താൻ നിയമത്തിന് ഒരിക്കലും കഴികയില്ല.

ചുറ്റുപാടുകളെ തിരിച്ചറിയാനുള്ള കഴിവ് സ്വയം സാരഥിയായ കാറുകൾക്കുണ്ട്. അതുകൊണ്ട് മറ്റാരെങ്കിലും അറിഞ്ഞോ അറിയാതെയോ കയറിവന്നിടിച്ചെങ്കിൽ അല്ലാതെ കാറിന് അപകടം ഉണ്ടാകാൻ സാധ്യത വളരെ കുറവാണ്. ട്രാഫിക്ക് നിയമങ്ങൾ ഒരിക്കലും സ്വയം തെറ്റിക്കുകയില്ല. റഡാർ, ജി.പി.എസ്. തുടങ്ങിയ സൗകര്യങ്ങളെല്ലാം ഉപയോഗിക്കുന്നതുകൊണ്ട്, കാറിന് 'ബോധമുണ്ട് എന്നു പറയാം. മനുഷ്യനായ ഡ്രൈവർക്ക് ചുറ്റുപാടുകളെക്കുറിച്ച് ബോധമുണ്ടാകുന്നതിന് എത്രയോ മുമ്പ് കാറിന് ബോധം ഉണ്ടാകും. കുടിയോ വലിയോ വീട്ടുകാര്യങ്ങളെക്കുറിച്ചുള്ള വേവലാതിയോ ഒന്നും കാറിനില്ലാത്തതുകൊണ്ട് അതിന്റെ ബോധവും ശ്രദ്ധയും ഒരിക്കലും പതറിപ്പോവുന്നില്ല.

ഇപ്പോൾതന്നെ പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് കാറുകൾ അമേരിക്കയിലും മറ്റും പ്രചാരത്തിലായിക്കഴിഞ്ഞു. ശബ്ദമോ പുകയോ മാലിന്യവിസർജനമോ ഇല്ലാതെ, ഓട്ടോമേഷൻ പൂർണമാക്കി ഓടുന്ന സുഭഗമായ ഇത്തരം കാറുകളിൽ നിന്ന് ഒരൽപം ദൂരം മാത്രമേയുള്ളൂ ഡ്രൈവറില്ലാ കാറുകളിലേക്ക്.

കാറുകൾക്ക് ആദ്യകാലത്ത് യൂറോപ്യൻ ഭാഷകളിൽ ഓട്ടോമൊബൈൽ എന്നായിരുന്നല്ലോ പേര്. 'ഓട്ടോ' എന്ന ഗ്രീക്ക് വാക്കിന് 'സ്വയം' എന്നർത്ഥം. 'മൊബൈൽ' എന്നാൽ ചലിക്കുന്നത്. അപ്പോൾ സ്വയം ചലിക്കുന്നത് എന്ന പേരു കിട്ടിയ വാഹനം ഇപ്പോഴാണ് അതിന്റേ പേര് 'സ്വയം സാരഥി'യായ കാറുകളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത് എന്നു പറയാം.

ഇതുതന്നെയാണ് ഡ്രോൺ (drone) എന്നറിയപ്പെടുന്ന ആകാശവാഹനത്തിന്റെയും അവസ്ഥ. സൈനികാവശ്യങ്ങൾക്കുവേണ്ടിയാണ് പൈലറ്റില്ലാതെ പറക്കുന്ന വിമാനങ്ങൾ സൃഷ്ടിച്ചതെങ്കിലും ഇപ്പോൾ അത് സാധാരണ മനുഷ്യജീവിതത്തെ സഹായിക്കുന്ന നൂറുകൂട്ടം കാര്യങ്ങൾക്ക് ഉപയുക്തമാകുന്നുണ്ട്. ഭൂമിയിൽ നിന്നുള്ള വിദൂരനിയന്ത്രണമോ വിമാനത്തിനുള്ളിൽത്തന്നെയുള്ള കമ്പ്യൂട്ടർ സംവിധാനമോ ഉപയോഗിച്ച് കാര്യം നടത്താൻ കഴിയുന്ന ഡ്രോണുകൾ വിവാദങ്ങളിലേക്ക് കൂപ്പുകുത്തിത്തുടങ്ങി. പാകിസ്ഥാൻ അതിർത്തിയിൽ വീണ ഡ്രോൺ വിമാനവും, ഗുരുവായൂർ ക്ഷേത്രത്തിനു മുകളിൽ പറന്നുനിന്നു പടമെടുക്കുന്ന ഹെലിക്യാം വരെ ഉപയോഗിക്കുന്ന സാങ്കേതികവിദ്യയും ഒന്നുതന്നെയാണ്. ആർക്ക് വേണമെങ്കിലും സ്വന്തം വീട്ടിൽ നിർമ്മിച്ച് പറപ്പിക്കാൻ കഴിയുന്ന ലളിതമായ കൊച്ചു വിമാനങ്ങൾ ആദ്യമൊക്കെ ഒരു രസമാണെങ്കിലും അവ ഉയർത്തുന്ന ചോദ്യങ്ങൾ മനുഷ്യഭാവിയെക്കുറിച്ച് ആശങ്കാജനകമാണ്.

അഗ്നിശമനത്തിനും പ്രളയബാധിതർക്ക് സഹായമെത്തിക്കാനും പോസ്റ്റൽ ഉരുപ്പടികൾ വേഗം വിതരണം ചെയ്യാനും തുടങ്ങിയ നിരവധി നല്ല കാര്യങ്ങൾ സാധ്യമാണെങ്കിലും ഇഷ്ടമുള്ളിടത്ത് ബോംബിടാനും വനത്തിൽ തീയിടാനും അന്യരുടെ സ്വകാര്യതകളുടെ വീഡിയോ ചിത്രമെടുക്കാനും തുടങ്ങി നാമിതുവരെ സ്വപ്നം കാണാത്ത നശീകരണപ്രവർത്തനങ്ങൾ എത്രവേണമെങ്കിലും ചെയ്യാൻ ഡ്രോണുകൾക്ക് സാധ്യമാണ്. ഇപ്പോൾ മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളെയും മറികടക്കാൻ ഡ്രോണുകൾക്കാവും.

ഭൂമിയിലും ആകാശത്തിലും ഉദിച്ചിരിക്കുന്ന രണ്ടു സാങ്കേതിക താരങ്ങളുടെ കാര്യമേ ഇവിടെ സൂചിപ്പിച്ചുള്ളു. രണ്ടിനും മനുഷ്യരുടെ ആവശ്യമില്ലെന്നു പറഞ്ഞാലും രണ്ടും മനുഷ്യ നിയന്ത്രണത്തിലാണ് എന്നതിൽ സംശയമില്ല.

നമ്മുടെ അതിമഹത്തായ സൈബർ സാങ്കേതികവിദ്യയുടെ ഏറ്റവും നിർഭാഗ്യകരമായ വശം, അതിനെ തിന്മയ്ക്ക് ഉപയോഗിക്കാനുള്ള സാധ്യത എപ്പോഴുമുണ്ട് എന്നതാണ്. അതിലാണ് കുറെ മനുഷ്യർക്ക് കൂടുതൽ താൽപര്യവും. സൈബർ കുറ്റവാളികളെ കണ്ടെത്താനും ശിക്ഷിക്കാനുമുള്ള നിയമസംവിധാനമൊക്കെ വളരെ പുറകിൽ ഇഴയുന്നതേയുള്ളു.

ഗൂഗിൾ കമ്പനിയും മറ്റും സൈബർ വീരപ്പന്മാർക്ക് മാസപ്പടിയും കൈമുത്തും കൊടുത്ത് നിർത്താറുണ്ട് എന്ന് കേൾക്കുന്നു. കാരണം സങ്കീർണമായ ഒരു പുതിയ പ്രോഗ്രാം കോഡ് ഉണ്ടാക്കി കമ്പനി ലാഭം കൊയ്യാൻ തുടങ്ങുമ്പോൾതന്നെ, അതിനുള്ളിൽ നുഴഞ്ഞുകയറി, അതിനെ വളച്ചൊടിച്ച് കുളമാക്കാൻ കഴിവുള്ള പ്രതിഭകൾ പുറത്തു കാത്തുനിൽപ്പുണ്ട്. 'കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' കൊടുത്തെങ്കിൽ മാത്രമേ കമ്പനിക്കാര്യം മുറപോലെ നടക്കുകയുള്ളു.

ആളില്ലാ വാഹനങ്ങളുടെ സ്ഥിതിയും മറ്റൊന്നല്ല. എന്റെ കാർ എനിക്ക് ഇഷ്ടമുള്ളിടത്ത് വിദൂരതയിൽ നിന്ന് വിളിക്കാവുന്നതുപോലെ തന്നെ എന്നെ മറികടന്ന് ആ കാർ നിയന്ത്രിക്കാൻ ഒരു സൈബർ നുഴഞ്ഞുകയറ്റക്കാരനും സാധിച്ചെന്നുവരും. ഈ സൗകര്യമുപയോഗിച്ച് കുറ്റകൃത്യങ്ങൾ നിർവിശങ്കം നടത്താം. വഴിയേ വെറുതെ നടക്കുന്ന ഒരാളിനെയോ, വീട്ടിൽ തിണ്ണയിൽ വിശ്രമിക്കുന്ന ഒരാളിനേയോ തട്ടിക്കളയാൻ വിദൂരതയിലിരുന്ന്, മറ്റൊരാളിന്റെ കാറുപയോഗിച്ച് കഴിയുമെന്ന് വന്നാൽ എന്താവും സ്ഥിതി?

ആളില്ലാ വണ്ടി എന്നൊക്കെ പറഞ്ഞാലും അവസാനം നാം വന്നെത്തുന്നത് ആളിലാണ്. ആളിന്റെ നന്മയും തിന്മയും വിവേചനബോധവും സ്വാതന്ത്ര്യവുമാണ് ഇന്നും മനുഷ്യഭാവിയുടെ അളവുകോൽ. മനുഷ്യൻ തിന്മയിൽ നിന്ന് നന്മയിലേക്ക് വഴിമാറാതെ ഒരു ശാസ്ത്രവും ഒരു സാങ്കേതിക വിപ്ലവവും വിജയിക്കില്ല. തിന്മയിൽ നിന്ന് നന്മയിലേക്ക് മനുഷ്യനെ വഴിനടത്തുവാൻ പര്യാപ്തമായ ഒരു മാർഗ്ഗവും ശാസ്ത്രത്തിനോ മതങ്ങൾക്കോ പറയാനോ കാണിച്ചുതരാനോ ഇതുവരെ സാധിച്ചിട്ടില്ല. ഇവിടെയാണ് ക്രിസ്തുമാർഗ്ഗത്തിന്റെ പ്രസക്തി. ആന്തരീക പരിവർത്തനത്തിലൂടെ മനുഷ്യനെ നന്മയിലേക്ക് വഴിനടത്തുവാൻ യേശുക്രിസ്തുവിന് കഴിയുമെന്നത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. സമൂഹത്തെ ബാധിച്ചിരിക്കുന്ന തിന്മയ്ക്ക് യേശുക്രിസ്തുവിലൂടെയുള്ള ദൈവോന്മുഖ ജീവിതമല്ലാതെ ഫലപ്രദമായ മറ്റൊരു ചികിത്സാവിധിയുമില്ല.

# യേശു തൊട്ടാൽ



**റോ**ക്ക് മ്യൂസിക്കിൽ വളരെ പ്രശസ്തനായിരുന്നു ടെറി ചിമ്സ്. അദ്ദേഹം ലോകത്തിനു വേണ്ടി അനേകം പാട്ടുകൾ പാടി. ലോകത്തിന്റെ മനുഷ്യനായി ജീവിച്ചു. ലോകത്തിന്റെ മോഹങ്ങളിൽ മുഴുകി നടന്നു. ദൈവത്തെയോ ദൈവത്തിന്റെ വചനങ്ങളെയോ അദ്ദേഹം ഒരിക്കൽപ്പോലും ഗൗരവത്തോടെ എടുത്തില്ല. അങ്ങനെ ഒരിക്കൽ പാട്ടു പാടി ക്ഷീണിച്ച അദ്ദേഹം തന്റെ ക്ഷീണം മാറ്റുന്നതിനുവേണ്ടി വെറുതെ ടീപ്പോയിൽ കിടന്ന ഒരു പുസ്തകമെടുത്ത് വായിച്ചു. ആ പുസ്തകമെഴുതിയത് സി.എസ്.ലൂയിസ് എന്ന മഹാനായ ക്രിസ്തീയ ചിന്തകനായിരുന്നു. അദ്ദേഹത്തിന്റെ 'മിയർ ക്രിസ്റ്റ്യാനിറ്റി' എന്ന പുസ്തകമായിരുന്നു അത്. ആ പുസ്തകത്തിന്റെ ഒരധ്യായത്തിൽ അദ്ദേഹത്തിന്റെ കണ്ണുടക്കി. ആ അധ്യായത്തിന്റെ തലക്കെട്ട് 'ഗ്രേറ്റ് സിൻ' (ഏറ്റവും വലിയ പാപം) എന്നായിരുന്നു. ആ പുസ്തകത്തിലൂടെ കടന്നുപോയപ്പോൾ ദൈവത്തിന്റെ ആത്മാവ് ടെറി ചിമ്സിനെ സ്പർശിച്ചു. പുസ്തകം വായിച്ചുകൊണ്ടിരിക്കെ അദ്ദേഹം വാവിട്ട് നിലവിളിച്ചു. അത് എത്രനേരം നീണ്ടുനിന്നുവെന്ന് അദ്ദേഹത്തിനറിയില്ല. ആ കരച്ചിലിന്റെ അവസാനം അദ്ദേഹം തന്റെ ജീവിതം യേശുവിന് സമർപ്പിച്ചു.

റോക്ക് മ്യൂസിക്ക് ഗായകൻ എന്നു പറഞ്ഞാൽ പേരും പ്രശസ്തിയും സമ്പത്തും എല്ലാം വേണ്ടുവോളം ഉണ്ടാകും. അദ്ദേഹത്തിന്റെ നാട്ടിലെ ഏറ്റവും വലിയ പാട്ടുകാരനായിരുന്നു അദ്ദേഹം. ദൈവത്തിന്റെ സ്നേഹം അദ്ദേഹത്തെ ലഹരി പിടിപ്പിച്ചു. ലോകത്തിനുവേണ്ടി, ലോകസുഖങ്ങൾ ആസ്വദിക്കാൻ വേണ്ടി, പ്രശസ്തിക്കുവേണ്ടി പാട്ടു പാടി നടന്ന ആ മനുഷ്യനെ യേശു തൊട്ടപ്പോൾ അദ്ദേഹം യേശുവിനുവേണ്ടി ജീവിക്കുന്ന ഒരു വ്യക്തിയായിത്തീർന്നു.

ലൂക്കോസിന്റെ സുവിശേഷം 19-ാം അദ്ധ്യായത്തിൽ സക്കായിയെ നാം കാണുന്നു. ഇലകൾക്കിടയിൽ മറഞ്ഞിരുന്ന് യേശുവിനെ നോക്കുവാനാഗ്രഹിച്ചവനെ വിളിച്ചിറക്കി അടുത്തു ചെന്ന് യേശു സൂക്ഷിച്ചു നോക്കി. മനുഷ്യൻ ഒരു ചുവട് ദൈവത്തിലേക്കടുക്കുമ്പോൾ ദൈവം ഒരുപാടു ചുവടുകൾ വെച്ച് നമ്മിലേക്കടുത്തു വരുന്നു. യേശുവിന്റെ സാന്നിദ്ധ്യം ഒരു വ്യക്തിയുടെ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്നു. ഏതു തെറ്റിനും നാലിരട്ടി പ്രയശ്ചിത്തം ചെയ്യാമെന്നുള്ള സക്കായിയുടെ പ്രഖ്യാപനം അവനിൽ വന്ന രൂപാന്തരീകരണത്തെ സൂചിപ്പിക്കുന്നു. പൊത്തിപ്പിടിച്ച കരങ്ങൾ വിട്ടുകൊടുക്കുന്ന കരങ്ങളായി മാറുന്നു. ദാതാവിനെ കണ്ടെത്തിയവൻ ദാനങ്ങളിൽ നിന്ന് ദൃഷ്ടി തിരിക്കുന്നു. സ്രഷ്ടാവിനെ സ്വന്തമായി കിട്ടിയവന് സൃഷ്ടിയോടുള്ള ആർത്തി ഇല്ലാതാകുന്നു.

യേശു അന്ധനെ തൊട്ടപ്പോൾ അവന് കാഴ്ച ലഭിച്ചു. ബധിരനെ തൊട്ടപ്പോൾ കേൾവി ലഭിച്ചു. മുടന്തനെ തൊട്ടപ്പോൾ അവൻ എണീറ്റു കുതിച്ചു ചാടി. കൈ ശോഷിച്ചവനെ തൊട്ടപ്പോൾ അവന്റെ കൈ ബലം പ്രാപിച്ചു. അതുപോലെ, അവിടുന്ന് നമ്മെ തൊടുമ്പോൾ നമുക്കു മാറ്റമുണ്ടാകുന്നു; പശ്ചാത്താപമുണ്ടാകുന്നു. അതു നമ്മെ മാനസാന്തരത്തിലേക്കു നയിക്കുന്നു. എന്നാൽ, അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞതിനുശേഷവും പാപഭാരവും പേറി നടക്കുന്ന അനേകർ ഇന്നുമുണ്ട്. ഇതാണ് യേശുവിനെ കൂടുതൽ വേദനിപ്പിക്കുന്നത്. യേശുക്രിസ്തുവിലായിരിക്കുന്നവൻ ഒരു പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി (2 കൊരി.5:17). ടെറിയെപ്പോലെ നമുക്കും പറയാൻ സാധിക്കട്ടെ 'യേശു എന്നെ തൊട്ടു.'


ടെറി ചിമ്സ്

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# സ്തുതിയ്ക്കാം സ്തോത്രം ചെയ്യാം

മലയാളത്തിൽ സ്തുതിയും സ്തോത്രവും പലപ്പോഴും പര്യായപദങ്ങളാണ്. എന്നാൽ ഇംഗ്ലീഷിൽ സ്തുതി Praise ആണ്. സ്തോത്രം thanks ആണ്. ഈ അർത്ഥ വ്യത്യാസം കണക്കിലെടുത്തുകൊണ്ടു നമുക്ക് സ്തുതിസ്തോത്രങ്ങളെ അടുത്തു കാണാം.

ദൈവത്തെ സ്തുതിക്കുന്നതും ദൈവത്തിന് നന്ദി പറയുന്നതും വാസ്തവത്തിൽ ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സ്തുതിയില്ലാതെ നന്ദിയുണ്ടാവില്ല. നന്ദിയില്ലാതെ സ്തുതിയും. സ്തുതിയും സ്തോത്രവും മലയാളത്തിൽ സമാനാർത്ഥത്തിൽ ഉപയോഗിക്കുന്നതിന്റെ കാരണം ഇതാവാം.

ആരാധനയുടെ പ്രധാന ഉള്ളടക്കം സ്തുതി ആണ്. ആരാധകർ ഒത്തുകൂടി തങ്ങളുടെ ആരാധനാമൂർത്തിയെ സ്തുതിക്കുന്നതാണ് ആരാധന. സ്തുതിക്കുന്നതിന് പുകഴ്ത്തുക, മഹത്വപ്പെടുത്തുക, വാഴ്ത്തുക എന്നും പറയും.

മഹത്തായി തോന്നുന്നതിനെയാണ് മനുഷ്യർ ആരാധിക്കുന്നത്. നടീനടന്മാർക്കും കളിക്കാർക്കും ധാരാളം ആരാധകർ ഉണ്ട്. കൂടാതെ പാട്ടുകാർ, എഴുത്തുകാർ തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളിൽ മഹത്വം തെളിയിച്ചിട്ടുള്ളവരെയാണ് മനുഷ്യർ ആരാധിക്കുന്നത്. ബാല്യത്തിൽ മിക്കവർക്കും heroes ഉണ്ടാകാറുണ്ട്. അവരോടു തോന്നുന്ന ആരാധനാഭാവത്തെ hero whorship എന്നു പറയാറുണ്ട്. ചെറുപ്പത്തിൽ ഒരാൾ ആരെയാണോ hero ആയി കണ്ടു ആരാധിക്കുന്നത് അയാളെപ്പോലെ ആകുക എന്നതാണ് ജീവിതലക്ഷ്യമാകുന്നത്.



ആളുകളെ മാത്രമല്ല, ജീവിതത്തിൽ മഹത്തായി തോന്നുന്ന എന്തിനെയും ആളുകൾ ആരാധിക്കാറുണ്ട്. ആരാധിക്കുന്നത് എന്തിനെയോ അതിനെ ജീവിതലക്ഷ്യമാക്കുകയും ചെയ്യും. സമ്പത്ത് മഹത്തായി തോന്നുന്നവർ അതിനെ ആരാധിക്കും. സ്ഥാനമാനങ്ങൾ മഹത്തായി തോന്നുന്നവർ അതിനെ ആരാധിക്കും. സുഖസൗകര്യങ്ങൾ മഹത്തായി തോന്നുന്നവർ അതിനെ ആരാധിക്കും.

പാട്ട് കേൾക്കാനും പാടാനും താൽപര്യമുള്ള ഒരാൾ യേശുദാസിനെ hero ആയി കണ്ട് ആരാധിച്ചു എന്നു വരാം. യേശുദാസ് ഒരു നല്ല പാട്ടുകാരനാണ് എന്നു ചിന്തിക്കുകയും പറയുകയും ചെയ്യുമ്പോൾ അയാൾ യേശുദാസിനെ സ്തുതിക്കുകയാണ് അഥവാ മഹത്വപ്പെടുത്തുകയാണ് അഥവാ പുകഴ്ത്തുകയാണ്. യേശുദാസിന്റെ പാട്ടിന്റെ മേന്മ അറിയുന്ന ഒരാൾക്കേ യേശുദാസിനെ നല്ല പാട്ടുകാരൻ എന്നു മഹത്വപ്പെടുത്തുവാൻ കഴിയൂ.

സിനിമയിൽ എനിക്കു തീരെ താല്പര്യമില്ല. ആരൊക്കെയാണ് വലിയ നടന്മാരെന്ന് എനിക്ക് അറിഞ്ഞുകൂടാ. അങ്ങനെയുള്ള ഞാൻ ആരെയെങ്കിലും കുറിച്ച് അയാൾ ഒരു നല്ല നടനാണെന്നു പറഞ്ഞു അയാളെ പുകഴ്ത്തുന്നതെങ്ങനെ? അതുപോലെ, ദൈവത്തെ അനുഭവിച്ചു അറിഞ്ഞിട്ടല്ലാതെ ഒരാൾക്ക് ദൈവത്തെ പുകഴ്ത്താനാവില്ല.

ജീവിതത്തിലെ കഷ്ടാനുഭവങ്ങൾ മുടിയൻപുത്രനെ സുബോധത്തിലേക്ക് നയിച്ചു. സുബോധം വന്നു കഴിഞ്ഞപ്പോൾ തന്റെ പിതാവിന്റെ മഹത്വത്തെക്കുറിച്ച് ഒരു പുതിയ അവബോധമുണ്ടായി. തന്റെ യജമാനൻ ഒരു വേലക്കാരൻ എന്ന നിലയിൽ തന്നോടു പെരുമാറുന്ന വിധത്തെ, തന്റെ പിതാവ് അദ്ദേഹത്തിന്റെ വേലക്കാരോടു പെരുമാറുന്ന വിധവുമായി താരതമ്യപ്പെടുത്തി തന്റെ പിതാവിന്റെ മഹത്വത്തെക്കുറിച്ച് അവൻ മനസ്സിലാക്കി. ആ അവബോധം അവനിൽ അനുതാപമുണ്ടാക്കി. പിതാവിന്റെ അടുക്കൽ മടങ്ങിയെത്തി അവിടുത്തെ ഒരു അടിമയായി അവൻ സ്വയം സമർപ്പിക്കുന്നു.

അവന്റെ മൂത്ത സഹോദരനാകട്ടെ, പിതാവിനെ മാനിക്കുന്നില്ലെന്ന് മാത്രമല്ല പിതാവിനെ അധിക്ഷേപിച്ചു സംസാരിക്കുകയും ചെയ്യുന്നു. പിതാവിന്റെ മഹത്വം മനസ്സിലാക്കാൻ അവന് അവസരം ഉണ്ടായില്ല.

പരീശനും ചുങ്കക്കാരനും ദൈവസന്നിധിയിൽ പ്രാർത്ഥിക്കാനെത്തുന്ന കഥ ഇതിന് സമാന്തരമാണ്. ചുങ്കക്കാരൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരീശനാകട്ടെ, സ്വയം പുകഴ്ത്തി സംസാരിക്കുന്നു. ദൈവത്തെ പുകഴ്ത്തുന്നുമില്ല.

ദൈവത്തിന്റെ മഹത്വം കാണുന്നവർ മാത്രമാണ് ദൈവത്തെ മഹത്വപ്പെടുത്തുന്നത്. ധാരാളം ആളുകൾ സ്വയം മഹത്വപ്പെടുത്തുന്നവരാണ്. മറ്റനേകംപേർ സമ്പത്തിനെയും സ്ഥാനമാനങ്ങളെയും സുഖസൗകര്യങ്ങളെയും മഹത്വപ്പെടുത്തുന്നവരാണ്. ചുരുക്കം ചിലർ മാത്രമാണ് ദൈവത്തിന്റെ മഹത്വം കാണുന്നത്. ജീവിതാനുഭവങ്ങൾ സുബോധം വരുത്തുമ്പോഴാണ് അവരുടെ ഉൾക്കണ്ണു തുറക്കുകയും ദൈവമഹത്വം കാണുകയും ചെയ്യുന്നത്.

യെശയ്യാ പ്രവാചകനു ദൈവദർശനം ഉണ്ടായപ്പോഴാണ് അനുതാപമുണ്ടാകുന്നതും മാലാഖമാരോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്താൻ തുടങ്ങുന്നതും. ഉയർന്ന സിംഹാസനത്തിൽ സർവാധികാരിയായി ഉപവിഷ്ടനായിരിക്കുന്ന സർവ്വശക്തനേക്കാൾ മഹാനായി മറ്റാരും ഇല്ലെന്നുള്ള അവബോധമാണ് അദ്ദേഹത്തെ രൂപാന്തപ്പെടുത്തിയത്.

ദൈവത്തിന് മഹത്വം പാടുവാൻ നാം ആരാധനാലയത്തിൽ ഒന്നിച്ചു കൂടുന്നു. നമ്മിൽ പലരും പരീശനെപ്പോലെ സ്വയം പുകഴ്ത്തുന്നവരാണ്. സ്വയം പുകഴ്ത്തുന്നവർക്ക് ദൈവത്തെ പുകഴ്ത്താനാവില്ല. അവർ മറ്റുള്ളവരുടെ മുമ്പിൽ ഭക്തിയുള്ളവരെന്നു നടിച്ച് ഉച്ചത്തിൽ സ്തുതിഗീതങ്ങൾ ആലപിച്ചെന്നുവരും. എന്നാൽ സ്തുതി അവരുടെ ചുണ്ടുകളിൽ നിന്നു മാത്രമാണു പുറപ്പെടുന്നത്. ഹൃദയത്തിൽ നിന്നല്ല.

ദൈവമല്ലാത്തതിനെ ദൈവമായി സങ്കല്പിച്ചു ജീവിക്കുന്ന ധാരാളം പേരുണ്ട്. മരീചിക തേടിയാണ് അവർ അതിശീഘ്രം ഗമിക്കുന്നത്. അവരുടേത് നാശത്തിലേക്കുള്ള വിശാലമായ പാതയാണ്. ജീവങ്കലേക്കുള്ള പാത ഇടുക്കവും ഞെരുക്കവും ഉള്ളതാണ്. അത് കണ്ടെത്തുന്നവർ ചുരുക്കവും.

ജീവിതത്തെ പോസിറ്റീവ് ആയോ നെഗറ്റീവ് ആയോ നമുക്ക് സമീപിക്കാം. അരകപ്പ് വെള്ളത്തെക്കുറിച്ച് ഇതിൽ അരക്കപ്പ് വെള്ളം ഉണ്ട് എന്നു പോസിറ്റീവ് ആയോ ഇതിൽ അരക്കപ്പ് വെള്ളമേ ഉള്ളു എന്ന് നെഗറ്റീവ് ആയോ പറയാം. പോസിറ്റീവ് ആയ സമീപനത്തിൽ നിന്നാണ് നന്ദി വരുന്നത്.

നമ്മുടെ പ്രതീക്ഷയാണ് നമ്മെ നിരാശപ്പെടുത്തുന്നത്. ഒരു കപ്പ് വെള്ളം പ്രതീക്ഷിച്ചിരിക്കുന്ന ആളെയാണ് അരക്കപ്പ് വെള്ളം നിരാശപ്പെടുത്തുന്നത്. എന്നാൽ കാൽക്കപ്പ് വെള്ളം പ്രതീക്ഷിച്ചിരിക്കുന്ന ആളെ അരക്കപ്പ് വെള്ളം സന്തോഷിപ്പിക്കുന്നു.

ദൈവം മാത്രമാണ് യഥാർത്ഥത്തിൽ നല്ലവൻ എന്നു നാം വിശ്വസിക്കുന്നുണ്ടെങ്കിൽ ദൈവമൊഴികെ ആരിൽ നിന്നും എപ്പോഴും തിന്മ നമുക്ക് പ്രതീക്ഷിക്കാം. ആ സമീപനത്തിന്റെ ഫലമായി നമ്മുടെ മനോഭാവം (attitude) നമുക്ക് positive ആയി സൂക്ഷിക്കാൻ കഴിയും. മറ്റുള്ളവരിലെ നന്മ എളുപ്പം തിരിച്ചറിയാനും നന്ദി പറയാനും അത് നമ്മെ സഹായിക്കുന്നു.

നിങ്ങളുടെ ഒരു സഹപ്രവർത്തകനിൽ നിന്നു നിങ്ങൾ എപ്പോഴും നന്മ മാത്രം പ്രതീക്ഷിക്കുന്നു എന്നു വയ്ക്കുക. അയാൾ ചെയ്യുന്ന നന്മകൾക്ക് നിങ്ങൾ നന്ദി പറയുന്നില്ല. അയാൾ വല്ല തിന്മയും ചെയ്തുപോയാൽ അത് നിങ്ങളെ വല്ലാതെ ദേഷ്യം പിടിപ്പിക്കുകയും ചെയ്യുന്നു. മറിച്ച് നിങ്ങൾ പ്രതീക്ഷിക്കുന്നത് തിന്മയാണെങ്കിലോ? അയാൾ ചെയ്യുന്ന തിന്മകളൊന്നും നിങ്ങളെ ദേഷ്യപ്പെടുത്തുകയില്ല. മാത്രമല്ല, അയാൾ ചെയ്യുന്ന നന്മകൾക്കെല്ലാം നിങ്ങൾ നന്ദി പറയുകയും ചെയ്യും.

ദൈവത്തിൽ നിന്ന് സുഖാനുഭവങ്ങൾ മാത്രം പ്രതീക്ഷിച്ചാൽ എന്താവും ഫലം? നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കഷ്ടതകളും നിർഭാഗ്യങ്ങളും നമ്മെ വല്ലാതെ വിഷമിപ്പിക്കും. മാത്രമല്ല, ദൈവത്തോട് ഒന്നിനും നന്ദി പറയുകയുമില്ല. ദൈവം നമുക്ക് തരുന്ന കഷ്ടാനുഭവങ്ങൾ വാസ്തവത്തിൽ തിന്മകളല്ല, ശാപങ്ങളുമല്ല, മറിച്ച് നമ്മെ കൂടുതൽ ബലപ്പെടുത്താൻ സഹായിക്കുന്ന അവസരങ്ങളാണ് എന്ന് തിരിച്ചറിയുമ്പോൾ നാം അവയ്ക്കും ദൈവത്തിന് നന്ദി പറയും.

ഇയ്യോബിന്റെ ഭാര്യ ദൈവത്തിൽ നിന്നു സുഖവും സന്തോഷവും മാത്രമേ പ്രതീക്ഷിച്ചുള്ളു. അതുകൊണ്ടാണ് കഷ്ടാനുഭവങ്ങൾ അവരെ തളർത്തിക്കളഞ്ഞത്. ഇയ്യോബാകട്ടെ ദൈവത്തിൽ നിന്ന് സുഖവും ദുഃഖവും വരാം എന്ന് പ്രതീക്ഷിച്ചു. അതുകൊണ്ട് കഷ്ടാനുഭവങ്ങൾ അദ്ദേഹത്തെ തളർത്തിയില്ല. കഷ്ടതയുടെ നടുവിലും ഇയ്യോബ് ദൈവത്തിന് നന്ദി പറയുന്നു.

ഒരു പ്രഭു തന്റെ കാര്യവിചാരകന്മാരെ താലന്തുകൾ ഏൽപിക്കുന്ന കഥ യേശുതമ്പുരാൻ പറഞ്ഞത് ഇതുമായി ബന്ധപ്പെടുത്താം. ഒരാളെ അഞ്ചു താലന്തും, രണ്ടാമനെ രണ്ടു താലന്തും, മറ്റൊരാളെ ഒരു താലന്തും ഏൽപ്പിച്ച പ്രഭു ചില മാസങ്ങൾക്ക് ശേഷം മടങ്ങി വന്നു. അഞ്ചു താലന്തു കിട്ടിയ ആൾ വ്യാപാരം ചെയ്ത്, അഞ്ചു പത്തായി വർദ്ധിപ്പിച്ചു തിരികെ ഏൽപ്പിച്ചു. രണ്ടു കിട്ടിയ ആൾ അത് നാലാക്കി വർദ്ധിപ്പിച്ചു. ഒന്നു കിട്ടിയ ആൾ ആ ഒരു താലന്ത് അതുപോലെ മടക്കി നൽകി. അത് അയാൾ സൂക്ഷിച്ചു വച്ചിരുന്നതല്ലാതെ ഒന്നു ചെയ്തില്ല. പത്തു താലന്ത് തന്നയാളെ പത്തു പട്ടണങ്ങളുടെ അധിപതിയാക്കി. നാലു താലന്തു തന്നെ ആളെ നാലു പട്ടണങ്ങളുടെ അധിപതിയാക്കി. അവരിരുവരും വിശ്വസ്തരും ഉത്തരവാദിത്തമുള്ളവരും ആണെന്ന് തെളിയിച്ച് കഴിഞ്ഞല്ലോ. ഒരു താലന്ത് മടക്കി നൽകിയവനെ തള്ളിക്കളഞ്ഞു.

എന്തുകൊണ്ടാണ് ഈ കാര്യവിചാരകർ വ്യത്യസ്തമായി പെരുമാറുന്നത്? രണ്ടു പേർക്ക് പോസിറ്റീവ് ആറ്റിറ്റ്യൂഡ് ഉണ്ടായിരുന്നു. മൂന്നാമന് ഉണ്ടായിരുന്നത് നെഗറ്റീവ് ആറ്റിറ്റ്യൂഡ് ആണ്. മറ്റിരുവരെയും എന്തുകൊണ്ട് തന്നെ ഏൽപ്പിച്ചതിലധികം താലന്ത് ഏൽപ്പിച്ചു എന്ന ചോദ്യം അയാളെ അലട്ടി. തന്നെ വിശ്വസിച്ച് പ്രഭു ഇത്രയും വലിയ ഒരു സംഖ്യ ഏൽപ്പിച്ചല്ലോ എന്നു പോസിറ്റീവ് ആയി ചിന്തിക്കേണ്ടതിന് പകരം മറ്റുള്ളവരുമായി സ്വയം താരതമ്യപ്പെടുത്തി മറ്റുള്ളവരെ പ്രഭു വിശ്വസിക്കുന്ന അത്രയും തന്നെ വിശ്വസിക്കുന്നില്ല എന്ന് നെഗറ്റീവ് ആയി ചിന്തിച്ചു. ഈ നെഗറ്റീവ് ആയ ചിന്ത അയാളെ നിഷ്ക്രിയത്വത്തിലേക്കും നിരുത്തരവാദപരമായ പെരുമാറ്റത്തിലേക്കും നയിച്ചു.

ദൈവം നമുക്ക് തന്നിരിക്കുന്ന ശരീരം, മനസ്സ്, ആരോഗ്യം, കഴിവുകൾ, സമ്പത്ത്, ബന്ധുമിത്രാദികൾ ഇവയൊക്കെ നന്ദിപൂർവ്വം സ്വീകരിച്ചു കാര്യവിചാരകബോധത്തോടെ നമുക്ക് ജീവിക്കാം. അല്ലെങ്കിൽ മൂന്നാമനെപ്പോലെ മറ്റുള്ളവരുമായി നമുക്കുള്ളത് താരതമ്യപ്പെടുത്തി നന്ദിയില്ലാതെയും ജീവിക്കാം. നന്ദിയുള്ള മനസ്സുണ്ടെങ്കിൽ നാം വിജയത്തിന്റെ പാതയിലാണ്. മനസ്സിൽ നന്ദിയില്ലെങ്കിൽ പരാജയത്തിന്റെ പാതയിലും. ●

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വ്യസനപുത്രന്മാർ

ടി.എം.വർഗ്ഗീസ് ഓതറ



**കഴിഞ്ഞലക്കം തുടർച്ച 4**

## ദൈവം മാനിക്കുന്നവൻ:

യഹോവയായ ദൈവം അരുളിച്ചെയ്യുന്നത് എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും എന്നാണ് (1 ശമു.2:30). ദൈവത്തെ എങ്ങിനെ മാനിക്കണമെന്ന് തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്. ദൈവത്തെ മാനിക്കുക എന്നാൽ ദൈവത്തിനു അർഹിക്കുന്ന മാനം അഥവാ ബഹുമാനം നാം കൊടുക്കുക എന്നാണ്. സൃഷ്ടാവായ, ജീവനുള്ള സത്യദൈവത്തെക്കുറിച്ച് മനുഷ്യർക്കു ദൈവം വെളിപ്പെടുത്തി കൊടുത്തിട്ടും അവനെ ദൈവമെന്നു ഓർത്ത് മഹത്വീകരിക്കയോ ബഹുമാനിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ മനുഷ്യർ വ്യർത്ഥബുദ്ധിജീവികളായിത്തീർന്നിരിക്കുന്നു എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മകൻ അപ്പനെയും ദാസൻ യജമാനനെയും ബഹുമാനിക്കേണ്ടതല്ലോ? ഞാൻ അപ്പൻ എങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? ഞാൻ യജമാനൻ എങ്കിൽ എന്നോടുള്ള ഭക്തി എവിടെ? (മലാ.1:6)



കർത്താവായ യേശു പറഞ്ഞു: എനിക്കു ശുശ്രുഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ, ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും (യോഹ.12:26).

കർത്താവായ യേശുവിന്റെ നാമം നിമിത്തം കഷ്ടങ്ങളും ഉപദ്രവങ്ങളും പീഡനങ്ങളും ഏറ്റുകൊണ്ട് സുവിശേഷവേലയിലായിരിക്കുന്നവർ ലോകത്തിന്റെ നാനാ ഭാഗങ്ങളിലുണ്ട്. കർത്താവിനെ ലോകം പകെച്ചതുപോലെ തന്റെ ശുശ്രൂകന്മാരെയും ലോകം പകെക്കുന്നു. എന്നാൽ കർത്താവിനുവേണ്ടി ശുശ്രൂഷചെയ്ത തന്റെ വിശുദ്ധന്മാരെ അനേകായിരം ദൂതന്മാരുടെയും വിശുദ്ധന്മാരുടെയും മധ്യത്തിൽവെച്ച് ദൈവം മാനിക്കുന്നത് എത്രയോ സന്തോഷകരമാണ്. അത് സംഭവിക്കതന്നെ ചെയ്യും.

നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിന്നു യോഗ്യരായി എണ്ണുക (1 തിമൊ.5:17).

കർത്താവ് സഭകളിൽ ആക്കിവെച്ചിരിക്കുന്ന ശുശ്രൂഷകന്മാർ ഇരട്ടി മാനത്തിനു യോഗ്യന്മാരാണ്. അവർ ദൈവത്താലും ദൈവജനത്താലും മാനിക്കപ്പെടുന്നവരാണെന്നുള്ള കാര്യം ദൈവജനം അറിഞ്ഞിരിക്കേണം. എന്നാൽ അവർക്കു കൊടുക്കേണ്ട മാന്യത ദൈവജനം എന്നഭിമാനിക്കുന്നവർ പോലും കൊടുക്കാതെ അവരെ നിസ്സാരരായി കാണുകയും താഴ്ത്തി സംസാരിക്കയും അപമാനിക്കയും ചെയ്യുന്നത് ദൈവസന്നിധിയിൽ കുറ്റകരമാണെന്നുള്ളത് ദൈവജനം ഓർത്തിരിക്കേണം. സഭയിൽ നല്ല വരുമാനം ഉണ്ടായിട്ടും സഭയിൽ ശുശ്രൂഷിക്കുന്ന ശുശ്രൂഷകനെ മാനിക്കേണ്ടവണ്ണം മാനിക്കാത്ത എത്രയോ സഭകൾ കേരളത്തിലും വെളിയിലും ഉണ്ട്. സഭകളിൽ നല്ല വരുമാനം ഉള്ളവർ തങ്ങളുടെ മക്കൾക്കു നല്ല ആഹാരവും വസ്ത്രവും ഉന്നത വിദ്യാഭ്യാസവും കൊടുക്കുമ്പോൾ അവരെ ശുശ്രൂഷിക്കുന്ന ശുശ്രൂഷകനെയും കുടുംബത്തെയും അഗണ്യമായി കാണുന്നത് ദൈവസന്നിധിയിൽ പാപമല്ലേ. ദൈവദാസന്മാരെ മാനിക്കുന്നത് ദൈവത്തെ മാനിക്കുകയാണെന്ന് അറിയുക.

ദൈവത്തിന്റെ അരുളപ്പാട് ജനത്തോട് അറിയിക്കുവാൻ ദൈവം അഭിഷേകം ചെയ്ത് വേർതിരിച്ച വിശുദ്ധ പ്രവാചകന്മാർ യഹോവയ്ക്കു മാന്യന്മാരാണെന്ന് തിരുവചനം പറയുന്നു (യെശ.49:5). അതേ, ദൈവത്തിന്റെ അഭിഷിക്തന്മാർ ദൈവത്തിനു മാന്യന്മാരാണ്.

ദൈവം മാനിച്ച അനേകം വിശുദ്ധന്മാരെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിട്ടുണ്ട്. ദൈവപ്രമാണം മുറുകെ പിടിച്ച് ദൈവത്തെ മാനിച്ചതിനാൽ ശത്രുക്കളുടെ മുമ്പിലും രാജാക്കന്മാരുടെ മുമ്പിലും ദൈവം അവരെ മാനിച്ചു.

**യോസേഫ്:** പാപം ചെയ്യുവാൻ അവസരം ലഭിച്ചിട്ടും ദൈവകല്പന മുറുകെ പിടിച്ചതിനാൽ അപമാനിക്കപ്പെട്ടവനായി, വ്യാജമായി കുറ്റം ചുമത്തപ്പെട്ട് കാരാഗൃഹത്തിൽ പോകേണ്ടതായി വന്നു. എന്നാൽ ദൈവം യോസേഫിനെ മാനിച്ചു. ഫറവോന്റെ ഗൃഹത്തിനും മിസ്രയീം ദേശത്തിന്നൊക്കെയും തന്നെ മേലധികാരിയാക്കി (ഉല്പ. 41:40–44).

**യോശുവ:** യഹോവയെ എല്ലാറ്റിലും പൂർണ്ണമായി അനുസരിച്ച യോശുവയെ ദൈവം മാനിച്ചു. 'അന്നു യഹോവ യോശുവയെ എല്ലാ യിസ്രായേലിന്റെയും മുമ്പാകെ വലിയവനാക്കി' (യോശു.4:14).

**ശമുവേൽ:** 'ഈ പട്ടണത്തിൽ ഒരു ദൈവപുരുഷൻ ഉണ്ട്; അവൻ മാന്യൻ ആകുന്നു' (1 ശമു.9:6).

**ദാവീദ്:** 'തിരുമനസ്സിലെ സകല ഭൃത്യന്മാരിലും വെച്ചു ദാവീദിനോളം വിശ്വസ്തൻ ആരുള്ളൂ? അവൻ.... ആലോചനയിൽ ചേരുന്നവനും രാജധാനിയിൽ മാന്യനും ആകുന്നുവല്ലോ!' (1 ശമു.22:14)

**എലീശ:** അവൾ തന്റെ ഭർത്തിവിനോടു: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നു പോകുന്ന ഈയാൾ വിശുദ്ധനായോരു (മാന്യനായ) ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു (2 രാജാ.4:9).

**ദാനിയേൽ:** ദാനിയേലിന്റെ അടുക്കൽ ദൈവം തന്റെ ദൂതനെ അയച്ചു തന്നെ സംബോധന ചെയ്യുന്നത്: നീ ഏറ്റവും പ്രിയനാകയാൽ... എന്നാണ് (ദാനി.9:23, 10:11,19). ദൈവത്തിന്റെ ഏറ്റവും പ്രിയപുരുഷനായ ദാനിയേൽ ശത്രുക്കളുടെ മുമ്പിലും രാജസന്നിധിയിലും ദൈവത്താൽ മാനിക്കപ്പെട്ട കാര്യം നമുക്കറിയാമല്ലോ? (തുടരും)

# വിരുദ്ധ ശക്തികളിൽ ആശ്രയിക്കുന്ന വൈരുദ്ധ്യാത്മക വിശ്വാസം

"ഇരുമുയലുകൾക്കുവേണ്ടി ഓടുന്നവന് ഒന്നും ലഭിക്കുകയില്ല" എന്ന ജാപ്പനീസ് പഴമൊഴി നാം മറക്കാൻ പാടില്ലാത്ത ഒരു സത്യത്തിലേക്ക് നമ്മെ നയിക്കുന്നു. "ഒരു ഭൃത്യനു രണ്ടു യജമാനന്മാരെ ഒന്നിച്ചു സേവിക്കുക സാധ്യമല്ല" (ലൂക്കോ.16:13). ഇവിടെ യജമാനൻ എന്ന വാക്കിന്റെ ഗ്രീക്ക് പദം "കുറിയോസ് (Kurios)എന്നാണ്. കൂറിയോസ് എന്നു വച്ചാൽ അധിനാഥൻ (Absolute owner) എന്നാണർത്ഥം. ഈ ലോകത്ത് ഒരേ സമയം ഒരുവന് രണ്ടു അധിനാഥന്മാർ ഉണ്ടാകുക സാധ്യമല്ല. ഒരു അധിനാഥനെ ഉണ്ടാവുകയുള്ളു. കാരണം രണ്ടു അധിനാഥന്മാർ ഉണ്ടെങ്കിൽ അവർ അധിനാഥന്മാരല്ല. ഭൃത്യൻ എന്ന മലയാള വാക്ക് Doulos എന്ന ഗ്രീക്ക് മൂലപദത്തിന്റെ തർജ്ജിമയാണ്. ഈ ഗ്രീക്ക് പദത്തിന്റെ സമ്പൂർണ്ണ അർത്ഥം അടിമയെന്നാണ്. അടിമയെ ആരു വിലയ്ക്ക് വാങ്ങുന്നുവോ അവനാണ് അടിമയുടെ യജമാനൻ. അതുകൊണ്ട് ഒരടിമയ്ക്ക് ഒരേ സമയം രണ്ടു യജമാനന്മാരുണ്ടാകുക അസാധ്യം.



"രണ്ട് വഞ്ചിയിൽ കാല് വച്ച് രണ്ട് വിരുദ്ധദിക്കുകളിലേക്ക് യാത്ര ചെയ്യുവാൻ സാധിക്കുകയില്ല." ഈ പഴമൊഴികയുടെ അർത്ഥവിവക്ഷ നാം സമചിത്തതയോടെ, വിവേകത്തോടെ കാര്യങ്ങളെ സമീപിക്കണമെന്നും ഒരേ സമയം രണ്ട് വിരുദ്ധ ശക്തികളിൽ ആശ്രയിക്കരുതെന്നുമാണ്. ഒരേ സമയത്ത് ഒരു ഭൃത്യന് രണ്ട് യജനന്മാരെ സേവിക്കാൻ സാധിക്കുകയില്ല. ഒരു ഭൃത്യന് ഒരു സമയം ഒരു യജമാനനെ സേവിക്കാനേ സാധിക്കുകയുള്ളു. വേട്ടക്കാരൻ അമ്പുമായി പുറകെ പായുന്നത് ഏതെങ്കിലും ഒരു മൃഗത്തെ ലക്ഷ്യം വച്ചായിരിക്കും അല്ലാതെ കൂട്ടത്തിൽ അമ്പെയ്ത് ഏതെങ്കിലുമൊന്നിൽ കൊള്ളട്ടെയെന്ന് അവൻ ചിന്തിക്കുന്നില്ല. അതുകൊണ്ട് ജീവിതത്തിൽ ഒരു തിരഞ്ഞെടുപ്പ് അത്യാവശ്യമാണ്.

ഉല്പത്തി പുസ്തകം 22-ാം അധ്യായത്തിൽ ബലിയർപ്പിക്കുവാനായി ഏകമകനേയും കൂട്ടി മോറിയാ മലമുകളിലേക്കു പോകുന്ന അബ്രഹാമിനെയാണ് നാം കണ്ടു മുട്ടുക. "നീ ആരെയാണു തെരഞ്ഞെടുക്കാൻ പോകുന്നത്? എന്നെയോ, നീ അതിരുകളില്ലാതെ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയോ? ഈ രണ്ടു ചോദ്യങ്ങൾക്ക് മുന്നിൽ പകച്ചു നില്ക്കുന്നു അബ്രഹാം. എങ്കിലും അബ്രഹാം സർവ്വത്തിന്റെയും അധിനാഥനായ ദൈവത്തെ തിരഞ്ഞെടുത്തു. ദൈവത്തെ തിരഞ്ഞെടുക്കുകയാണെങ്കിൽ ഇസഹാക്കിനെ ഉപേക്ഷിച്ചേ തീരൂ. ഇടുങ്ങിയ വഴി തെരഞ്ഞെടുക്കുകയാണെങ്കിൽ വിശാലമായ വഴി ഉപേക്ഷിച്ചേ പറ്റൂ.

സ്വന്തം ആത്മാവിന് പകരം നല്കാൻ മറ്റൊന്നും തന്നെ കൈമുതലായി ഇല്ലാത്ത മനുഷ്യന് അവന്റെ ആത്മാവിനെ രക്ഷിക്കണമെങ്കിൽ ദൈവത്തെ തിരഞ്ഞെടുത്തേ മതിയാകൂ. ദൈവത്തിൽ മാത്രം ആശ്രയവും ആനന്ദവും കണ്ടെത്തിയ സങ്കീർത്തകന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "എന്റെ ശരീരവും മനസ്സും ക്ഷീണിച്ചുപോയേക്കാം; എന്നാൽ ദൈവമാണ് എന്റെ ബലം; അവിടുന്നാണ് എന്നേയ്ക്കുമുള്ള എന്റെ ഓഹരി. അങ്ങിൽനിന്ന് അകന്നു നിൽക്കുന്നവൻ നശിച്ചു പോകും" (സങ്കീ.73:26–28).

"ഉദാത്തമായ ജീവിതലക്ഷ്യമില്ലാത്തവന് അവൻ വാരിക്കൂട്ടുന്ന വിഭവങ്ങൾ ഒരു പാഴ്ച്ചുമടായി തീരുകയേയുള്ളു." ഈ ലോകത്ത് സർവ്വവും സൃഷ്ടിച്ചു പരിപാലിക്കുന്ന ഒരു അധിനാഥനെയുള്ളു: ദൈവം. എന്നാൽ അധിനാഥനായ ദൈവത്തെ മറന്ന് സമ്പത്തിനെ അധിനാഥനായി കാണുകയാണെങ്കിൽ ജീവിതം ദുരന്തമായിരിക്കും.

സമ്പത്തിനെ അധിനാഥനായി കണ്ട് അതിനെ വാരിക്കൂട്ടിയതുകൊണ്ട് നിങ്ങൾക്ക് എന്തു പ്രതിഫലം എന്നു ഒരു ചൈനീസ് പഴഞ്ചൊല്ലു ചോദിക്കുന്നു. നിങ്ങൾക്ക് പതിനായിരം നെൽപ്പാടങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ, ചെറിയൊരു പാത്രത്തിലെ ചോറു മാത്രമേ ഭക്ഷിക്കാനാവൂ. നൂറു മുറികളുള്ള വീടുകളുണ്ടായിരിക്കാം. എങ്കിലും ഒരു രാത്രി എട്ടടി സ്ഥലം മാത്രമേ നിങ്ങൾക്കുപയോഗിക്കാൻ സാധിക്കൂ." അതുകൊണ്ട് "എല്ലാ അത്യാഗ്രഹങ്ങളിൽ നിന്നും അകന്നിരിക്കുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്" (ലൂക്കോ.12:15). സമ്പത്തിനോടുള്ള ആർത്തി എല്ലാ തിന്മകളുടെയും ഇരിപ്പിടമാണ്; അത് ഒരിക്കലും ജീവിതത്തെ ധന്യമാക്കുകയില്ല. അതുകൊണ്ടുതന്നെ പൗലോസ് അപ്പോസ്തലൻ ഇങ്ങനെ പറയുന്നു: 'ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചുപോകുവാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയായിട്ടുണ്ട്" (1 തിമൊ.6:10). ഈ അർത്ഥത്തിൽ മഹാകവി കുഞ്ചൻ നമ്പ്യാർ ഇങ്ങനെ പാടുന്നു: 'പണമെന്നുള്ളത് കൈയ്യിൽ വരുമ്പോൾ ഗുണമെന്നുള്ളത് ദൂരത്താകും." അതുകൊണ്ട് ഹ്രസ്വമായ നമ്മുടെ ഈലോക ജീവിതത്തിൽ ഭോഷനായ ധനികനാകാതെ ദൈവത്തിൽ തന്നെ വിശ്വസിച്ച് ആശ്രയിക്കാം.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

സഭയിലെ തെരഞ്ഞെടുപ്പിനേയും ജനാധിപത്യഭരണക്രമത്തേയും വിമർശിക്കുന്ന താങ്കൾ പുതിയനിയമ ഭരണക്രമത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് സംസാരിക്കുന്നത്. ഇപ്പോൾ നിലവിലുള്ള തെരഞ്ഞെടുപ്പും ഭരണക്രമവും മാറ്റിയാൽ പിന്നെവരുന്നത് ഏകാധിപത്യമാണ്. താന്തോന്നിത്ത ശൈലിയുടെ നിരാകരണത്തിന് സഭ സുവിശേഷത്തിന്റെ ഭരണക്രമം സ്വീകരിക്കണം എന്നു പറയുന്നതല്ലാതെ അത് വിശദീകരിക്കുവാൻ താങ്കൾക്ക് സാധിക്കുന്നില്ല. വേദപുസ്തകത്തിൽ തെളിവില്ലാത്ത കാര്യത്തിന് പുതിയനിയമസഭയിൽ എന്തു പ്രസക്തി. **– പാസ്റ്റർ ബിനു പാപ്പച്ചൻ, തുവയൂർ, കടമ്പനാട്, പത്തനംതിട്ട**

തത്വത്തിൽ ഭൂരിപക്ഷഹിതമാണ് ജനാധിപത്യത്തിന്റെ കാതൽ. പക്ഷേ ഭൂരിപക്ഷം എപ്പോഴും ശരികൾ കണ്ടെത്തുമെന്ന് ഉറപ്പില്ല. ഭൂരിപക്ഷജനാധിപത്യം വ്യക്തികൾക്കെതിരെയും മനുഷ്യാവകാശങ്ങൾക്കെതിരെയും തീരുമാനങ്ങളെടുക്കാം. രാഷ്ട്രീയ ചിന്തകനായ അലക്സിസ് ടോകെവെല്ലി (1805–1859) അദ്ദേഹത്തിന്റെ Democracy in America എന്ന പുസ്തകത്തിൽ “ഭൂരിപക്ഷത്തിന്റെ ഉഗ്രവാഴ്ച” (the tyrrany of the majority)യെപ്പറ്റി എഴുതുന്നുണ്ട്. ഒരു ഭൂരിപക്ഷഗണം വംശമോ മതമോ ന്യൂനപക്ഷങ്ങൾക്കെതിരെ തീരുമാനമെടുത്താൽ ജനാധിപത്യപ്രകാരമാണെന്ന് വാദിക്കാം. പക്ഷേ അതിലെ നെറികേട് ന്യായീകരിക്കാൻ ജനാധിപത്യത്തിന് കഴിയുകയില്ല. അതായത്, സഭയിലാണെങ്കിലും രാഷ്ട്രത്തിലാണെങ്കിലും കണ്ണടച്ച് അംഗീകരിക്കാവുന്ന ഭരണരീതിയല്ല ജനാധിപത്യം. പലതിൽ തിന്മ കുറഞ്ഞത് എന്ന അർത്ഥത്തിൽ സ്വീകരിക്കപ്പെടുന്ന ഭരണക്രമം മാത്രമാണത്.

## സഭയിലെ ഭരണക്രമം

ഭൂരിപക്ഷപ്രകാരം കാര്യങ്ങൾ നിർണ്ണയിക്കുന്ന ജനാധിപത്യമല്ല സഭയിൽ പൊതുവേ നിലവിലുള്ളത്. എന്നാൽ വിശ്വാസികളുടെ പൊതുഹിതം ആരായുകയും അത് സ്വീകരിക്കുകയും ചെയ്യുന്ന പല തലങ്ങൾ സഭയിലുണ്ട്.

സഭാംഗങ്ങളുടെയും പ്രതിനിധിയോഗങ്ങളുടെയും അഭിപ്രായം പരിഗണിച്ച് തീരുമാനങ്ങൾ എടുക്കുന്ന രീതിയും നിലവിലുണ്ട്. ഇതൊക്കെ പേരിൽ മാത്രമേയുള്ളു; ഫലത്തിലില്ല എന്ന് വാദിക്കുന്നവരുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, സഭ ഒരു സമ്പൂർണ്ണ ജനാധിപത്യമല്ല, എന്നാൽ സഭയിലുള്ളത് ഏകാധിപത്യക്രമവുമല്ല.



സഭയിൽ പുലരേണ്ടത് സുവിശേഷം അവതരിപ്പിക്കുന്ന ഭരണക്രമമാണ്. പുതിയനിയമത്തിന്റെ ഭരണക്രമം വെറും ജനാധിപത്യമല്ല, മറിച്ച് അഭിപ്രായസമന്വയമാണ് (consensus). ആദിമസഭ സ്വന്തമാക്കിയത് അത്തരമൊരു ഭരണക്രമമാണ്. ഏകാഭിപ്രായത്തിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതാകണമെന്നില്ല ഇത്. ഭൂരിപക്ഷവോട്ട് കാര്യങ്ങൾ തീരുമാനിക്കുന്ന ജനാധിപത്യത്തേക്കാൾ ശ്രേഷ്ഠമാണത്. ഏകാധിപത്യത്തിന് കടകവിരുദ്ധമാണത്. താന്തോന്നിത്തശൈലിയുടെ നിരാകരണമാണത്.

ഒരേ വിഷയത്തിൽ എല്ലാവരും എപ്പോഴും യോജിക്കുന്ന സാഹചര്യമുണ്ടാവുകയില്ല. അഭിപ്രായസമന്വയം വോട്ടിട്ട് തീരുമാനിക്കുന്നതല്ല മറിച്ച് എല്ലാവരെയും കേട്ടിട്ട് തീരുമാനിക്കുന്നതാണ്. അതായത്, പരസ്പരമുള്ള കേൾവിയാണ് ഇതിൽ പ്രധാനം. ഈ പ്രക്രിയയിൽ ചിലർ തങ്ങളുടെ നിലപാടുകൾ മാറ്റിയേക്കാം; ചിലർ തങ്ങളുടെ അഭിപ്രായങ്ങൾ വ്യത്യാസപ്പെടുത്തിയേക്കാം. ഒടുവിൽ പൊതുധാരണയിലേക്ക് സഭാസമൂഹം വരുന്ന രീതിയാണിത്. ഈ പ്രക്രിയയിൽ സുവിശേഷത്തിന് നിരക്കാത്ത രീതികളും കാഴ്ച്ചപ്പാടുകളും തിരസ്കരിക്കപ്പെടും. സഭയിൽ ജനാധിപത്യരീതിയേക്കാൾ അഭിപ്രായസമന്വയത്തിന്റെ ശൈലിയാണ് വളർന്നുവരേണ്ടത്.

അഭിപ്രായസമന്വയത്തിന്റെ ഉദാഹരണങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ (15:22) കാണാം. “തങ്ങളിൽനിന്നു ചിലരെ തെരഞ്ഞെടുത്ത് ബർന്നബാസിനോടും പൗലോസിനോടുമൊപ്പം അന്ത്യോക്യയിലേക്ക് അയയ്ക്കുന്നതു നന്നായിരിക്കുമെന്ന് അപ്പസ്തോലന്മാർക്കും ശ്രേഷ്ഠന്മാർക്കും സഭയ്ക്കു മുഴുവനും തോന്നി. ഭൂരിപക്ഷം നോക്കിയുള്ള തീരുമാനമായിരുന്നില്ല അത്. എതിർസ്വരങ്ങൾ കേൾപ്പിക്കാതെ സഭ എത്തിച്ചേർന്ന പൊതുധാരണയായിരുന്നു അത്.

ആദിമസഭ ഡീക്കന്മാരെ നിയോഗിക്കുന്ന (ഭൃത്യൻ, ശുശ്രൂഷകൻ) സന്ദർഭത്തിലും സമന്വയശൈലിയാണ് സ്വീകരിച്ചത്. തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നു എന്ന് ഗ്രീക്കുകാർ പിറുപിറുത്തു. അവർ പരാതിപ്പെടുകയോ കലാപമുണ്ടാക്കുകയോ ഒന്നും ചെയ്തില്ല. അതിനുമുമ്പേ അപ്പസ്തോലന്മാർ ഇടപെട്ടു. അവർ ഒരു പരിഹാരം നിർദ്ദേശിച്ചു: സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞ ഏഴുപേരെ നിങ്ങളിൽനിന്ന് കണ്ടുപിടിക്കണം. ആ ജോലി സമൂഹത്തിന്നവർ വിട്ടുകൊടുത്തു. അവരുടെ നിർദ്ദേശം സഭ സ്വീകരിച്ചു. അപ്പോസ്തലന്മാരാകട്ടെ പ്രാർത്ഥിച്ച് അവരുടെമേൽ കൈകൾവച്ചു (അ.പ്ര.6:1–6). ജനാധിപത്യപരമായ മുറകൾക്കുപരി സമന്വയത്തിന്റെ പാതയാണ് ആദിമസഭ ഇക്കാര്യത്തിൽ സ്വീകരിച്ചത്.

## ജനാധിപത്യത്തേക്കാൾ മികച്ചത്

**സുവിശേഷത്തിന്റെ ഭരണക്രമം സഭയിൽ പുലരണമെങ്കിൽ സഭ യഥാർത്ഥത്തിൽ സഭയായി മാറേണ്ടതുണ്ട്. അത്തരം സഭയുടെ സവിശേഷത സുവിശേഷങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഒന്നാമൻ അവസാനത്തവനും എല്ലാവരുടെയും ദാസനുമാകുന്ന (മർക്കോ.9:35) സമൂഹമാണത്.** അവിടെയേ സമന്വയപൂർണ്ണമായ ഭരണക്രമം വളർന്നു വരൂ. അല്ലാതെ നേതൃത്വത്തെ ഭരണമായും ആധിപത്യമായും തെറ്റിദ്ധരിക്കുന്ന സമൂഹത്തിൽ സമന്വയത്തിന്റെ ഭരണക്രമം നാമ്പെടുക്കുകയില്ല. **നേതൃത്വത്തെ ശുശ്രൂഷയായി** മനസ്സിലാക്കാത്ത സഭാസമൂഹത്തിൽ ജനാധിപത്യഭരണക്രമം രൂപീകരിച്ചാലും വലിയ ഗുണമൊന്നുമില്ല. ജനാധിപത്യം സ്ഥാനമോഹികൾക്ക് ഒരു സാമൂഹിക താവളമായും അർത്ഥമോഹികൾക്ക് സ്ഥിരനിക്ഷേപമായും മാറും.

വെറുമൊരു സംഘടനയായോ സമുദായമായോ സഭയെ കണക്കാക്കിയാൽ അവിടെ സമന്വയശൈലി ഭരണക്രമം നടപ്പാവുകയില്ല. പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവഭവനമായി സഭയെ മനസ്സിലാക്കിയാലേ ഇത് സാധിക്കൂ. സഭയുടെ വരബദ്ധമായ അടിസ്ഥാനസ്വഭാവം പരിഗണിക്കാതെ അതിന്റെ സ്ഥാപനസ്വഭാവം മാത്രം കണക്കിലെടുത്താൽ അവിടെ സമന്വയത്തിന്റെ ഭരണക്രമം വിജയിക്കുകയില്ല. സഭയിലെ അധികാരം വരനിറവിലുള്ള വിവിധ ശുശ്രൂഷകളായാണ് വിശുദ്ധ പൗലോസ് അവതരിപ്പിച്ചത് (1 കൊരി.12:8; റോമ.12:3–8). വരങ്ങളുടെയും ദാനങ്ങളുടെയും വൈവിധ്യം സഭയിലെ അധികാരം വികേന്ദ്രീകരിക്കാൻ ഇടയാക്കും.

ഇത്തരത്തിൽ വരനിറവുള്ള സമൂഹത്തിൽ ആർക്കും ധൈര്യപൂർവ്വം പറയാം, ജനസ്വരം, ദൈവസ്വരം എന്ന് ദൈവത്തിന്റെ സ്വരം ജനങ്ങളിലൂടെ വരുന്നു എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ജനാധിപത്യത്തേക്കാളും ഉന്നതമായ ഒരു ഭരണക്രമമാണ് പുതിയനിയമസഭ മുന്നോട്ടു വയ്ക്കുന്നത്. ഇതിൽ അതിശയിക്കാനില്ല. ഒരു കുടുംബത്തിലും കൃത്യമായ ഭൂരിപക്ഷവിധിപ്രകാരമാണ് കാര്യങ്ങൾ നടക്കുന്നത് എന്ന് കരുതാനാവില്ല. അപ്പന്റെയും അമ്മയുടെയും രണ്ട് കക്ഷികളിൽ മക്കൾ പക്ഷം ചേർന്ന് ഹിതപരിശോധന നടത്തി ഭൂരിപക്ഷപ്രകാരം മുന്നോട്ടുപോകാൻ തുടങ്ങിയാൽ കുടുംബങ്ങൾ ജീർണ്ണിക്കുകയേയുള്ളൂ. അതുപോലെ കുടുംബനാഥൻ ഏകാധിപതിയായാലും കുടുംബങ്ങൾ അസ്വസ്ഥമാകും. പരസ്പരം പറഞ്ഞും ആലോചിച്ചും പൊതുതീരുമാനത്തിലെത്തുന്ന രീതിയാണ് നല്ല കുടുംബങ്ങളിലേത് **പക്ഷേ ഇത് സഭയിൽ നടക്കണമെങ്കിൽ സഭ എല്ലാ കാര്യങ്ങളിലും ശരിക്കും സഭയായി മാറണം. ഒരു സ്ഥാപനം എന്നതിലുപരി പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ അംഗീകരിച്ച് വിവിധ ശുശ്രൂകൾ നിർവ്വഹിക്കുന്ന ക്രിസ്തീയ സമൂഹമാകണം സഭ.**

സഭ ജനാധിപത്യ സംവിധാനത്തിലേക്ക് വരണം എന്ന് വാദിക്കുന്നത് ചെറിയ ലക്ഷ്യമാണ്; വലിയ ലക്ഷ്യമല്ല. ഭൂമി കുഴിച്ച് സ്വർണ്ണശേഖരം കിട്ടാമെന്നിരിക്കെ, വെള്ളം കിട്ടിയാൽ മതി എന്ന് പറയുമ്പോലിരിക്കും ഇത്. ഇതിനൊരു മറുഭാഗമുണ്ട്. ഉടനെയൊന്നും നടക്കാനിടയില്ലാത്ത വലിയ ലക്ഷ്യത്തേക്കാൾ നടക്കാനിടയുള്ള ചെറിയ ലക്ഷ്യമാണ് ഭേദം എന്നു പറയാം. ഭൂമി കുഴിച്ച് ആദ്യം വെള്ളം കിട്ടട്ടെ, പിന്നെയാകാം സ്വർണ്ണഖനി തേടുന്നത് എന്ന് ആരെങ്കിലും വാദിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. സുവിശേഷം ജീവിതപ്രമാണമാക്കാൻ തുനിയുന്ന സഭ എല്ലാത്തരം ഏകാധിപത്യങ്ങളെയും തിരസ്ക്കരിക്കുകയും ജനാധിപത്യത്തേക്കാൾ സമന്വയത്തിന്റെ ഭാഷ സംസാരിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ മാത്രമേ അത് ദൈവസഭ എന്നു പറയാൻ കഴിയുകയുള്ളൂ.

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st November 2015
Posted on 15, 16 November 2015
Posted at R.M.S. Kayamkulam

# അനുഗ്രഹം - അത്ഭുതം - അധികാരം

**ലോ**കപ്രശസ്ത റഷ്യൻ സാഹിത്യകാരൻ ദസ്തയോവസ്കിയുടെ എക്കാലത്തേയും വലിയ ക്ലാസ്സിക്കായ 'ബ്രദേഴ്സ്കാരമസോവി'ലെ ഒരു ദൃഷ്ടാന്തകഥ ഓർത്തുപോകുന്നു. അന്നത്തെ ക്രൈസ്തവ മതത്തിന്റെ സ്ഥാപിത താല്പര്യങ്ങൾക്ക് എതിരായി യേശുവുമായി വ്യക്തിപരമായ അടുപ്പവും ഭക്തിയും പുലർത്തുന്നവരെ തെരഞ്ഞുപിടിച്ച് മതദ്രോഹ വിചാരണ നടത്തി അവരെ തുറുങ്കിലടയ്ക്കുകയോ കൊല്ലുകയോ ചെയ്ത് പള്ളിമതം അധികാരത്തോടെ വാഴുന്ന കാലം. അന്നൊരിക്കൽ യേശു രണ്ടായിരം വർഷം മുമ്പെന്നപോലെ ആ തെരുവിലൂടെ നടന്നുവന്നു. ആയിരത്തിലൊരുവനായി, സഹജമായ ലാളിത്യത്തോടെ. ആരും അവനെ തിരിച്ചറിയുമായിരുന്നില്ല. എന്നാൽ മതദ്രോഹവിചാരണയ്ക്കു നേതൃത്വം നൽകുന്ന കർദ്ദിനാൾ ദൈന്യമായ ആ രൂപത്തെ തിരിച്ചറിഞ്ഞു. തെളിഞ്ഞ നീലാകാശംപോലെ നിഷ്കപടമായ ആ കണ്ണുകളിൽ നിന്ന് യേശുവാണതെന്ന് അയാൾ വായിച്ചെടുത്തു. ക്രിസ്തീയമതത്തിന് ഒട്ടേറെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ളപ്പോൾ യേശു സ്വതന്ത്രനായി തെരുവിലൂടെ സഞ്ചരിച്ചാലുള്ള അപകടം മനസ്സിലാക്കിയ കർദ്ദിനാൾ കൈയോടെ യേശുവിനെ പിടികൂടി തുറുങ്കിലടയ്ക്കുന്നു. പിന്നീടയാൾ യേശുവിനെയും വിചാരണയ്ക്കു വിധേയനാക്കുന്നു...



കർദ്ദിനാളിന്റെ അഭിപ്രായത്തിൽ യേശു ചെയ്ത തെറ്റുകൾ മൂന്നാണ്. പരസ്യശുശ്രൂഷയ്ക്കിറങ്ങുന്നതിനു തൊട്ടുമുൻപ് മരുഭൂമിയിൽ പിശാച് യേശുവിനെ പരീക്ഷിക്കുമ്പോൾ മൂന്നു പ്രലോഭനങ്ങളാണ് അവൻ മുന്നോട്ടു വച്ചത്. കല്ലിനെ അപ്പമാക്കിത്തീർത്ത് ആളുകളുടെ അംഗീകാരവും ആദരവും നേടാൻ പിശാച് ആവശ്യപ്പെട്ടു. യേശു അതു നിരസിച്ചു. രണ്ടാമത്, തന്നെ നമസ്ക്കരിച്ച് ഈ മുഴുലോകത്തിന്റെ അധികാരവും മഹത്വവും കയ്യാളാൻ പിശാച് യേശുവിനെ പ്രലോഭിപ്പിച്ചു. യേശു അതിനും വിസമ്മതിച്ചു. അടുത്തതായി ഗോപുരാഗ്രത്തിൽ നിന്നു താഴോട്ടു ചാടി ഒരപകടവും പറ്റാതെ നിന്ന് ആളുകളുടെ അത്ഭുതാദരങ്ങൾക്കു പാത്രമാവാൻ പിശാച് യേശുവിനെ പരീക്ഷിച്ചു. യേശു അതും നിഷേധിച്ചു.

കർദ്ദിനാളിന്റെ അഭിപ്രായത്തിൽ യേശു ഈ മൂന്നു കാര്യങ്ങളും സ്വീകരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ രഹസ്യം, അധികാരം, അത്ഭുതം എന്നിവയെല്ലാം യേശുവിനു കയ്യടക്കാമായിരുന്നു. കല്ലിനെ അപ്പമാക്കുന്ന രഹസ്യവും, ഗോപുരാഗ്രത്തിൽനിന്നു നിരപായം ചാടുന്ന അത്ഭുതവും, മുഴുവൻ ലോകത്തിന്റെയും അധികാരം കൈയാളുന്ന മഹത്വവും യേശുവിനു സ്വന്തമാണെന്നു മറ്റുള്ളവർക്കു മനസ്സിലാകുമായിരുന്നു. രഹസ്യത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തിന്റെയും താക്കോൽ കയ്യിലുള്ളവനായി യേശുവിനു തന്റെ വ്യക്തിപ്രഭാവത്തിനു കീഴിൽ ജനമനസ്സുകളെ മുഴുവൻ തളച്ചിടാമായിരുന്നു. പക്ഷേ, യേശു ഈ സാധ്യത എല്ലാം നഷ്ടപ്പെടുത്തി. ആളുകളുടെ സ്വാതന്ത്ര്യത്തെ മാനിച്ചു. ഇതാണു കർദ്ദിനാളിന്റെ നോട്ടത്തിൽ യേശു ചെയ്ത കുറ്റം. "പക്ഷേ നീ കാണിച്ച മഠയത്തരം ഞങ്ങൾ ചെയ്തില്ല ഞങ്ങൾ അത്ഭുതവും രഹസ്യവും അധികാരവും മതത്തിന്റെ ഭാഗമാക്കി. ജനങ്ങളെ മുഴുവൻ ഞങ്ങളുടെ ചൊൽപ്പടിയിലാക്കി" കർദ്ദിനാൾ വിജയോന്മാദത്തോടെ ആക്രോശിച്ചു.

നോക്കുക. ഇതൊക്കെ ഇന്ന് യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു. ഇവിടെ യഥാർത്ഥ ആത്മീയത പിൻതുടരുന്നു. എന്നവകാശപ്പെടുന്നവർ പോലും അനുഗ്രഹം അത്ഭുതം അധികാരം ഇവയ്ക്കു പിന്നാലെയാണല്ലോ.

യേശുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിന്റെ ആരംഭം വീണ്ടും ജനനത്തിൽ നിന്നാണല്ലോ. തന്റേതായ ഇഷ്ടത്തിനും സ്വന്തവഴിക്കും പോയിരുന്നവർ നേരേ 180 ഡിഗ്രി തിരിഞ്ഞ് 'ദൈവത്തിങ്കലേക്കുള്ള മാനസാന്തരത്തിലേക്കു വരുന്ന തുടക്കമാണത്. വ്യക്തിപരമായി യേശുവിനെ ജീവിതത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്ന രംഗം. പക്ഷേ ഈ നിലയിൽ യേശുവിനു ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകി ജീവിതത്തിന്റെ മുഴുവൻ ദിശയും മാറുന്ന ഒരു കാര്യം ഇന്നു 'ജനപ്രിയസുവിശേഷം' വിഭാവന ചെയ്യുന്നുണ്ടോ? യേശുവിനെ ഒന്നു പരീക്ഷിച്ചു നോക്കാനും യേശുവിൽനിന്ന് അത്ഭുതവും അനുഗ്രഹവും പ്രതീക്ഷിക്കുവാനുമാണ് അത് ജനങ്ങളോട് ആവശ്യപ്പെടുന്നത്. ഫലം യേശുതന്നെ ഏക രക്ഷകൻ, ഏക കർത്താവ് എന്ന അനുഭവം ഇന്ന് ജനത്തിന് അന്യമാകുന്നു.

## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ആത്മീയർ തന്നെ ആത്മീയ ലംഘനം നടത്തിയാൽ...

*മിയാ ബേബി, പെണ്ണുക്കര, പൂമല, ചെങ്ങന്നൂർ.*

☹**ആത്മാവ് അതിന്റെ വഴിയ്ക്കുപോകുന്നത് കണ്ടുനിൽക്കാം.**

☺സ്ത്രീ കുടുംബത്തിന്റെ വെളിച്ചമാണെങ്കിൽ പുരുഷൻ.

*സോഫി ജോൺസൻ, ചേന്നമംഗലം, പറവൂർ, എറണാകുളം*

☹**മെയിൻ സ്വിച്ചാകണം.**

☺അനാവശ്യ ചോദ്യങ്ങൾ വേദാഭിമാനിയിൽ ഉന്നയിച്ചാൽ...

*ഫേബ ചെറിയാൻ, തലക്കോട്, കോതമംഗലം, എറണാകുളം*

☹**'ഉത്തര'ത്തിൽ ചത്തിരിക്കും.**

☺ ന്യൂജനറേഷൻ സഭകളുടെ ഭാവി.

*വി. റ്റി. ഏബ്രഹാം, ജഗതി, തൈക്കാട്, തിരുവനന്തപുരം.*

☹**ഭാവി കാണുന്നില്ല. വർത്തമാനത്തിൽ തന്നെ തീരും.**

☺ദൈവസഭകൾ എന്നവകാശപ്പെടുന്ന സമൂഹത്തിൽ ദൈവമില്ലാത്തതിനു കാരണം.

*റവ. ബന്നി ഫിലിപ്പോസ്, തുരുത്തമ്പലം, കുളക്കട, കൊട്ടരക്കര.*

☹**സമ്പത്തിന്റേയും അധികാരത്തിന്റേയും മത്തുപിടിച്ചവർ ദൈവത്തെ അവരുടെ ആവശ്യങ്ങൾക്കായി ദുർവിനിയോഗം ചെയ്തപ്പോൾ ദൈവം അവർക്ക് അന്യമായി.**

☺വികാരം ദൈവത്തിന്റെ സൃഷ്ടിയാണല്ലോ. ബെല്ലും ബ്രേക്കും ഇല്ലാത്ത വികാരത്തെ നിയന്ത്രിക്കുക അത്ര എളുപ്പമല്ല എന്നു പറഞ്ഞാൽ.

*സാജൻ വർഗ്ഗീസ്, മേക്കൊഴൂർ, മൈലപ്ര, പത്തനംതിട്ട*

☹**ബെല്ലും ബ്രേക്കും ഇല്ലാത്ത വികാരത്തിന് കടിഞ്ഞാണിടാൻ ദൈവം വിവേകവും തന്നിട്ടുണ്ട്.**






## വേദസന്ദേശം



**ഏ**ബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡന്റായിരുന്ന കാലത്ത് നടന്ന സംഭവമാണ്: ലിങ്കൺ പതിവായി പ്രാർഥിക്കുന്ന വ്യക്തിയായിരുന്നു. ഒരിക്കൽ പ്രാർത്ഥന കഴിഞ്ഞ് മുറിയിൽ നിന്നു പുറത്തു വരുമ്പോൾ അദ്ദേഹത്തെ കാണാൻ ഒരു പാതിരി കാത്തിരിക്കുന്നുണ്ടായിരുന്നു.

പാതിരിയെ കണ്ട ഉടൻ ലിങ്കൺ പറഞ്ഞു: 'പ്രാർത്ഥന കഴിഞ്ഞപ്പോൾ എനിക്ക് വലിയ സമാധാനവും ശക്തിയും ലഭിച്ചതായി അനുഭവപ്പെട്ടു.'

ഉടൻ പാതിരി ചോദിച്ചു:'എന്തു പ്രാർത്ഥനയായിരുന്നു? ദൈവം ശത്രുപക്ഷത്തു പോകാതെ നമ്മുടെ പക്ഷത്തേക്കു വരാനല്ലേ പ്രാർത്ഥിച്ചത്?

ലിങ്കൺ പറഞ്ഞു: ദൈവം നമ്മുടെയോ ശത്രുവിന്റെയോ പക്ഷത്താണെന്ന ചിന്തയ്ക്കേ പ്രസക്തിയില്ല. നാം ദൈവത്തിന്റെ പക്ഷത്തായിരിക്കണം. അതിനാണ് പ്രാർഥന.'

പലപ്പോഴും നമ്മുടെ ചിന്താഗതി, ദൈവം നമ്മുടെ പക്ഷത്തായിരിക്കണം എന്നാണ്. ശത്രുവിന്റെ പക്ഷത്ത് ദൈവം നിൽക്കരുത്. എന്നാൽ നാം ദൈവത്തിന്റെ പക്ഷത്തു നിൽക്കുന്ന അവസ്ഥയെപ്പറ്റി ചിന്തിച്ചിട്ടേ ഉണ്ടാകില്ല. നന്മയുള്ള ഒരുവൻ മറ്റുള്ളവരുടെ നാശമല്ല അനുഗ്രഹമാണ് ആഗ്രഹിക്കുക. പ്രാർത്ഥനയിലും പ്രവൃത്തിയിലും എല്ലാം നാം ആ നന്മ നിറയുന്നവരായിരിക്കണം.

Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew